02
2024
ഏപ്രിൽ
ചൊവ്വ
മീനം 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.163 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-163 പേജ് 4. വില 2.00 രൂപ




02 കൊല്ലത്ത് കടലാക്രമണം തുടരുന്നു
03 മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളങ്ങൾ മറിഞ്ഞു; അഞ്ചുപേർക്ക് പരിക്ക്
04 കേരളത്തിന് കൂടുതൽ കടമെടുക്കാൻ അനുവാദമില്ല

# ലത്തീൻസഭക്ക് ഇനി ശരിദൂരം



**പി. സ്റ്റെല്ലസ്**

തിരുവനന്തപുരം.: ഇനി ശരിദൂരം..ഇന്നലെവരെ സമദൂര രാഷ്ട്രീയ നിലപാടിൽ ഉറച്ചു നിന്ന ലത്തീൻ സഭ പുതിയതീരുമാനം കൈക്കൊണ്ടതിൽ കാലാകാലങ്ങളിൽ സഭ നേരിട്ട പ്രതിസന്ധികളിലും,ആവശ്യങ്ങളിലും കണ്ണടച്ച രാഷ്ട്രീയ നേതൃത്വങ്ങളോടുള്ള പ്രതിഷേധത്തിൽ നിന്നും,അനുഭവപാഠങ്ങളിൽ നിന്നുമാണ്.കേരളത്തിന്റെ വികസനത്തിനും,മുന്നേറ്റങ്ങൾക്കും സർവ്വാത്മനാ എല്ലാക്കാലത്തും പിൻതുണ നൽകിയിട്ടുള്ളതാണ് ലത്തീൻ സഭ.

വിഴിഞ്ഞം സമരം,കടലാക്രമണം, തീരശോഷണം,ഓഖി ദുരന്തം,തുടങ്ങി തീരമേഖല അഭിമുഖീകരിച്ച ദുർഗ്രാഹ്യമായ പ്രശ്നങ്ങളിൽ സഭയുടെ ആവിശ്യങ്ങളും,അവകാശങ്ങളും തീരത്തെ നിലവിളികളായി ഇപ്പോഴും നിലനിൽക്കുന്നുവെന്ന വിലയിരുത്തലിലാണ് സഭാ നേതൃത്വമുള്ളത്.പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിർണ്ണായകമായ മണ്ഡലങ്ങളിൽ രൂപതാ അടിസ്ഥാനത്തിൽ വിവിധ സോണുകളായി തിരിച്ചു കൊണ്ടുള്ള സമിതികൾ രൂപപ്പെടുത്തിക്കൊണ്ടു രാഷ്ട്രീയ നിലപാടുകൾക്കനുസരിച്ചു നീങ്ങുവാനുള്ള പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞു.

തിരുവനന്തപുരത്തെയും,ആറ്റിങ്ങൽ മണ്ഡലത്തിലുമായി പടർന്നു കിടക്കുന്ന ലത്തീൻ വിഭാഗത്തെ ഏകോപിപ്പിച്ചു കൊണ്ടുള്ള രാഷ്ടരീയ സമിതികൾ നിലവിൽ വന്നുകഴിഞ്ഞു.തീരദേശത്തെ പുനരധിവാസം,മൽസ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ നഷ്ടം,മുതലപ്പൊഴി,തീരശോഷണം,വിഴിഞ്ഞം പദ്ധതിയുടെ ഗുണഫലങ്ങൾ പ്രദേശത്തുള്ളവർക്ക് പരിപൂർണ്ണമായി ലഭിക്കുക,കുടിയൊഴിപ്പിക്കൽ ഭീഷണിയിൽ നിന്നും മുക്തരാക്കുക തുടങ്ങിയ വിവിധ തീര പ്രദേശങ്ങളിലെ വൈവിധ്യങ്ങളായ ആവിശ്യങ്ങൾ നിലനിൽക്കുന്നു.സ്ഥാനാർത്ഥികൾ അരമനയിലും പള്ളികളിലും പങ്കെടുത്തുകൊണ്ടു മുന്നേറുമ്പോഴും ആർക്കും സഭയുടെ മനസ്സുവായിച്ചെടുക്കുവാൻ കഴിയുന്നില്ല.ദുഖവെള്ളിയാഴ്ചയിലെ ഐക്യ കുരിശിന്റെ വഴിയെ അഭിസംബോധന ചെയ്തുകൊണ്ടു ആർച്ചു ബിഷപ് തോമസ് ജെ നെറ്റോ പറഞ്ഞത് 'ചൂഷണത്തിനും,ഭയപ്പെടുത്തുന്ന ശക്തികൾക്കുമെതിരെ സഭ ഒന്നാകെ ഐക്യത്തോടെ നിർഭയത്തോടെ ധീരതയോടെ മുന്നേറണം എന്നായിരുന്നു.





ലത്തീൻ സമുദായത്തിന്റെ സമദൂരം വെടിഞ്ഞ് ശരി ദൂരത്തിലേക്ക് എത്തിയത് കേരളത്തിലെ 17 ലക്ഷം വരുന്ന സമുദായത്തിന് തെരഞ്ഞെടുപ്പുകളിൽ ശക്തി തെളിയിക്കാനാണ്. കെആർഎൽസി എൽ സി യുടെ രാഷ്ട്രീയകാര്യ സമിതി ശരിദൂരം നിലപാട് സ്വീകരിച്ചതുകൊണ്ടു കേരളത്തിലെ മുന്നണികൾക്ക് ഈ വരുന്ന തെരഞ്ഞെടുപ്പിൽ മുന്നണികൾക്ക് ലത്തീൻ സമുദായ വോട്ടർമാരെ ഭിന്നിപ്പിക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ ലത്തീനുകൾ ഏതു മുന്നണിക്കൊപ്പം നിൽക്കുമെന്നും ആശങ്കയിലാണ് രാഷ്ട്രീയ പാർട്ടികൾ.

ലത്തീൻ സമുദായം രാഷ്ട്രീയ സമർദ്ദസക്തിയായി മാറണമെന്ന് ബിഷപ്പ് അംബ്രോസ് പിതാവിന്റെ പ്രഖ്യാപനവും ഇതിനോടൊപ്പം ചേർത്തു വായിക്കണം. ഇത്രയും കാലം സമദൂരത്തിന്റെ പേരിൽ ഭിന്നിപ്പിച്ച നിർത്തിയും സമുദായ വോട്ടർമാരെ ഇനി വിലക്ക് വാങ്ങാനും കഴിയില്ല എന്നതും അവരുടെ രാഷ്ട്രീയ ക്യാമ്പുകളിൽ ചർച്ചാവിഷയമായിരിക്കുകയാണ്.

*(ലേഖകൻ കേരള റീജിയണൽ ലാറ്റിൻ കാതലിക് കൗൺസിൽ രാഷ്ട്രീയ കാര്യ സമിതിയിൽ അംഗമായി(200912) പ്രവർത്തിച്ചിട്ടുണ്ടു)*

## ദുരന്തനിവാരണ അതോറിറ്റി നോക്കുകുത്തിയോ?

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: കടൽക്ഷോഭവും, പ്രകൃതി ക്ഷോഭവും ഉണ്ടാകുന്നത് മുന്നറിയിപ്പു തരാനും സുരക്ഷിതത്വം ഉറപ്പിക്കാനും കഴിഞ്ഞില്ലെങ്കിൽ പിന്നെ ദുരന്തനിവാരണ അതോറിറ്റി എന്തിനാണെന്ന് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ചോദിക്കുന്നു. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യത ഉണ്ടെന്ന് ശാസ്ത്രമായി കണ്ടുപിടിക്കാൻ കഴിയാത്ത നോക്കുകുത്തിയായ ദുരന്തനിവാരണ അതോറിറ്റിയാണ് കേരളത്തിൽ ഉള്ളതെന്ന് ഓഖിയിലൂടെയും, ജലപ്രളയത്തിലൂടെയും, ഇപ്പോൾ ഉണ്ടായ കടൽക്ഷോഭത്തിലും വ്യക്തമാണെന്ന് ജനസമൂഹവും, മത്സ്യത്തൊഴിലാളികളും ഒന്നുകൂടി മനസ്സിലാക്കിയിരിക്കുന്നു.

ഹാർബറുകളിൽ ഫിഷറീസ് വകുപ്പും, മത്സ്യഫെഡും, ഹാർബറുകളിൽ ഇത്ര മീറ്റർ അകലം പാലിച്ചാണ് ബോട്ടുകളും വള്ളങ്ങളും കെട്ടി ഇടേണ്ടത് എന്നാൽ നിയന്ത്രണവുമില്ലാതെ മത്സ്യത്തൊഴിലാളികളുടെ ഇഷ്ടാനുസരണം ഹാർബറുകളിൽ ഞെരുക്കി ഇടുന്നത് കാരണം കൊണ്ടാണ് പെട്ടെന്നുണ്ടാകുന്ന കടൽ ക്ഷോഭത്തിലും കാറ്റിലും ഇത്തരം ദുരന്തങ്ങൾ ഉണ്ടാക്കുന്നതിന്റെ ഉത്തരവാദിത്വം ജില്ലാ ഭരണകൂടത്തിനാണ്.

ഇത്തരം അപകടങ്ങൾ ആകാതിരിക്കാൻ ബോട്ട്, വെള്ളം,തുടങ്ങിയ മത്സ്യബന്ധന യാനങ്ങൾ, ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുവാൻ കഴിഞ്ഞാൽ ഇത്തരം അപകടങ്ങൾഒഴിവാക്കാം. കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും കടലിലുള്ള യാത്രകളും സ്ഥിരമായി നടക്കാറുള്ളതാണ്. അപകടം സംഭവിച്ചു കഴിഞ്ഞിട്ട് ഇറങ്ങരുതെന്ന് മുന്നറിയിപ്പ് കൊടുത്തിട്ട് എന്ത് ഫലം?

31/3/2024 ൽ ഉച്ചയോടെ തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും തൃശ്ശൂരിലും വൻ നാശനഷ്ടമാണ് മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിരിക്കുന്നത്.

തിരുവനന്തപുരത്ത് വിവിധ പ്രദേശങ്ങളായകൊല്ലംകോട്, പൊഴിയൂർ, പുല്ലുവിള, അടിമലത്തുറ, കോവളം,പൂന്തുറ,വലിയതുറ, അതുപോലെ മറ്റു ജില്ലകളിലും എല്ലാവർഷവും കടലാക്രമണം ഉണ്ടാവുകയും നഷ്ട നഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുകയാണ്. ഇതിനൊരു പരിഹാരം എന്ന നിലയിൽ ഒരു നടപടിയും എടുക്കാതെ ജില്ലാ ഭരണകൂടവും സർക്കാരും സ്ഥിരം നോക്കുത്തിയുടെ ഭാഗമായി മാറുകയാണ്പതിവ്.

20212022 വർഷങ്ങളിൽ വീടുകളാണ് ഇപ്പോഴും തകർന്ന നിലയിൽ കിടക്കുന്നത് ഇതുവരെ അധികതർ പരിഹാരം കണ്ടിട്ടില്ല ഇതിനിടയിലാണ് വീണ്ടും നൂറോളം വീടുകൾക്ക് വെള്ളംകേറുകയും തീരദേശ റോഡുകൾ തകരുകയും ചെയ്തത്. ഇങ്ങനെ സംഭവിക്കുമ്പോൾ ഭരണകർത്താക്കൾ ഉദ്യോഗസ്ഥരും സന്ദർശിച്ചു വാഗ്ദാനങ്ങൾ പറഞ്ഞു പോകുന്നതല്ലാതെ ശാശ്വതമായ പരിഹാരം കണ്ടെത്താൻ കാലാകാലങ്ങളിലെ ഭരണാധികാരികൾ പരാജയപ്പെടുകയാണ് ഉണ്ടായത്.

ജില്ലാ ഭരണകൂടവും സർക്കാരും വാഗ്ദാനങ്ങൾ പറയുന്നത് നടപ്പിലാക്കാൻ ഇച്ഛാശക്തി കാണിക്കണം നിർധനരായ മത്സ്യത്തൊഴിലാളി സമൂഹത്തോട് ചെയ്യുന്ന നീതിയായിരിക്കുമത്.

*( സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ടാണ് ലേഖകൻ പി സ്റ്റെല്ലസ്)*

## കടലാക്രമണം; അടിയന്തര യോഗം ചേരുന്നു

തിരുവനന്തപുരം: നാലു ജില്ലകളിൽ ശക്തമായ കടലാക്രമണത്തിനു കാരണം 'കള്ളക്കടൽ' പ്രതിഭാസംമൂലമാണെന്ന് ദുരന്തനിവാരണ അഥോറിറ്റി. സമുദ്രോപരിതലത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങളെ തുടർന്നുണ്ടാകുന്ന ശക്തമായ തിരമാലകളാണ് കള്ളക്കടൽ പ്രതിഭാസത്തിനു കാരണം.

കരയിലേക്ക് കടൽ കയറിവന്ന് കരയെ വിഴുങ്ങുന്നതിനാലാണ് ഇതിനെ 'കള്ളക്കടൽ' എന്ന് വിളിക്കുന്നത്. സുനാമിയുമായി ഇതിന് സാമ്യതയുണ്ട്. എന്നാൽ സുനാമിയോളം ഭീകരമല്ലെന്നും അധികൃതർ പറഞ്ഞു.

വേലിയേറ്റ സമയമായതിനാൽ 'കള്ളക്കടൽ' പ്രതിഭാസത്തിൻറെ തീവ്രത കൂടിയതാണ് ഇപ്പോഴുണ്ടായ കടലാക്രമണങ്ങളുടെ കാരണമെന്നും ദുരന്ത നിവാരണ അഥോറിറ്റി വിശദീകരിക്കുന്നു. രണ്ട് ദിവസം കൂടി കടലാക്രമണം ഉണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

അതേസമയം കടലാക്രമണം രൂക്ഷമായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ ജില്ലകളിലെ കളക്ടർമാരുടെ അടിയന്തര യോഗം സർക്കാർ വിളിച്ചു. കടലാക്രമണം രൂക്ഷമായ പൊഴിയൂരിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തനം ആരംഭിച്ചു. പൊഴിയൂർ ഗവൺമെൻറ് യുപി സ്കൂളിലാണ് ക്യാമ്പ് പ്രവർത്തിക്കുന്നത്. രണ്ട് ദിവസം കൂടി ശക്തമായ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ നിർദേശം നൽകി.

## മൃഗസംരക്ഷണ വകുപ്പ് ആംബുലേറ്ററി ക്ലിനിക് തുടങ്ങി

- **ദുർഘടപ്രദേശങ്ങളിൽ മൃഗ ചികിത്സാ സേവനം**
- **കടൽക്ഷോഭമുൾപ്പെടെയുള്ള ദുരന്തമുഖങ്ങളിൽ വെറ്ററിനറി ക്യാമ്പുകൾ**

കൊല്ലം ജില്ലയിലെ ദുർഘട പ്രദേശങ്ങളിൽ മൃഗചികിത്സയും സേവനവും എത്തിക്കുവാനുള്ള ആംബുലേറ്ററി ക്ലിനിക് പദ്ധതി ജില്ലയിൽ ആരംഭിച്ചു.

കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ മൊബൈൽ വെറ്ററിനറി ഹോസ്പിറ്റലിന്റെ നേതൃത്വത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ജില്ലയിലെ ഗിരിവർഗ്ഗ ഊരുകളിലും തീരപ്രദേശങ്ങളിലും മൃഗസംരക്ഷണ സേവനം എത്തിക്കുവാനാണ് ആംബുലേറ്ററി ക്ലിനിക് പദ്ധതി



ആദ്യപടിയായി മൺറോത്തുരുത്തിലെ പെരിങ്ങാലം ,കിടപ്രം മലയിൽക്കടവ് എന്നീ പ്രദേശങ്ങളിൽ ആരംഭിച്ച ക്യാമ്പുകൾ ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ഡി.ഷൈൻകുമാർ ഉദ്ഘാടനം ചെയ്തു.

ക്ഷീര കർഷകരുടെ ഉരുക്കൾക്ക് മരുന്നുകളും ജീവകങ്ങളും ധാതുലവണമിശ്രിതങ്ങളും

മീനെണ്ണയും ടോണിക്കുകളും സൗജന്യമായി നൽകി. വന്ധ്യത പരിശോധനകളും നടത്തി. സീനിയർ വെറ്ററിനറി സർജൻമാരായ ഡോ.. ബി.സോജ ഡോ.എസ്. ഷീജ ഡോ .സേതുലക്ഷ്മി, ഡോ.മഞ്ജു അജയൻ,ഷാജി ശാലിനി എന്നിവർ ക്യാമ്പുകൾക്ക് നേതൃത്വം നൽകി



# സർക്കാർ പരാജയം; കേരളത്തിൻെറ ചരിത്രത്തിൽ ഏറ്റവും കുറവ് പദ്ധതിചെലവ് നടന്ന വർഷം: വി. ഡി. സതീശൻ

കാസർഗോഡ്: കേരളത്തിൽ സിപിഎമ്മും ആർഎസ്എസും തമ്മിൽ ധാരണയെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. അതിനാലാണ് സംസ്ഥാനത്ത് നിരവധി ഗുരുതരമായ കണ്ടെത്തലുകൾ ഉണ്ടായിട്ടും നടപടി ഉണ്ടാകാത്തതെന്ന് അദ്ദേഹം പറഞ്ഞു.

ആരോഗ്യപ്രശ്നം അലട്ടുന്ന സോണിയ ഗാന്ധിയെ മണിക്കൂറുകളോളമാണ് ഇഡി ചോദ്യം ചെയ്തത്. രാഹുൽ ഗാന്ധിയെ ദിവസങ്ങളോളം ചോദ്യം ചെയ്തു. കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്ന പി. ചിദംബരത്തിൻറെ മതില് രാത്രി ചാടിക്കടന്നാണ് ഇഡി അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലാക്കിയത്. നിലവിൽ കർണാടക ഉപമുഖ്യമന്ത്രിയായ ഡി. കെ. ശിവകുമാറിനെയും ജയിലിൽ കിടത്തി.

എന്നാൽ ഇതൊന്നും കാണാതെ കോൺഗ്രസേതര പ്രതിപക്ഷ കക്ഷികളെയാണ് കേന്ദ്ര ഏജൻസികൾ ആക്രമിക്കുന്നത് എന്ന് മുഖ്യമന്ത്രി പറയുന്നു. പക്ഷേ കേരളത്തിൽ മാത്രമാണ് കേന്ദ്ര ഏജൻസികൾ ഒന്നും ചെയ്യാത്തത്. കേരളത്തിൽ അവർ സൗഹൃദത്തിലും സ്നേഹത്തിലുമാണെന്ന് സതീശൻ പരിഹസിച്ചു.

കരുവന്നൂർ സഹകരണ ബാങ്കിൽ സിപിഎമ്മിന് മെമ്പർഷിപ്പ് പോലുമില്ലാത്ത അഞ്ച് അക്കൗണ്ട് ഉണ്ടെന്ന് കണ്ടെത്തി. തൃശൂർ ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ 25ൽ പരം രഹസ്യമായ അക്കൗണ്ടുകൾ സിപിഎമ്മിനുണ്ട്. എന്നിട്ടും ഒരന്വേഷണവുമില്ല. മാസപ്പടിയിൽ ഒരു നോട്ടീസ് പോലും കൊടുത്തില്ലെന്നും അദ്ദേഹം വിമർശിച്ചു.

ഇനി തെരഞ്ഞെടുപ്പ് കാലത്ത് തങ്ങൾ സൗഹൃദത്തിൽ അല്ല എന്ന് കാട്ടാനുള്ള അന്വേഷണം ഉണ്ടാകുമോ എന്നറിയില്ലെന്ന് അദ്ദേഹം പരിഹസിച്ചു. പിണറായി വിജയൻ താൻ കേരളത്തിൻറെ ആകെ മുഖ്യമന്ത്രിയാണെന്ന കാര്യം മറക്കുന്നതായും സതീശൻ വിമർശിച്ചു.

16 മിനിറ്റ് മാധ്യമങ്ങളോട് സംസാരിച്ച അദ്ദേഹം കേരളത്തെ ബാധിക്കുന്ന ഒരു പ്രശ്നവും പറഞ്ഞില്ല. പത്തനംതിട്ടയിൽ കാട്ടാണ്ടന ആണ്ടക്രണ്ടമണ്ടണണ്ടത്തിൽ കൊല്ലണ്ടപ്പെണ്ടട്ട ബിണ്ടജുണ്ടവിണ്ടൻറെ കാര്യത്തിൽ അദ്ദേഹം പ്രതികരിച്ചില്ല.

നേരത്തെ, പ്രദേശത്ത് കാട്ടുപോത്തിൻറെ ആക്രമണത്തിൽ രണ്ടുപേർ മരിച്ചിരുന്നു. പുലി ഇറങ്ങി 30 ൽ പരം വീടുകളിലെ വളർത്തുമൃഗങ്ങളെ ആക്രമിച്ചിരുന്നു. എന്നാൽ ഭീതിയിലായ ജനങ്ങളെ ആശ്വസിപ്പിക്കാൻ മുഖ്യമന്ത്രി ഒരു വാക്കുപോലും പറഞ്ഞില്ല. കേരളത്തിൻറെ തീരപ്രദേശങ്ങൾ മുഴുവൻ കടലാകമ്രണത്തിൻറെ ഭീതിയിലാണ്. അതിനെ കുറിച്ചും മുഖ്യമന്ത്രി മൗനം പാലിക്കുകയാണ്.

സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ സാമ്പത്തിക വർഷം എടുക്കേണ്ട കടമാണ് കഴിഞ്ഞവർഷം എടുത്ത്. അതിനാൽ ഈ വർഷം രൂക്ഷമായ ധനപ്രതിസന്ധിയിലേക്ക് കടക്കും. ഒരു സാമ്പത്തിക വർഷം പൂർത്തിയാക്കിയതിൻറെ പിറ്റേദിനം മാധ്യമങ്ങളെ കണ്ടപ്പോൾ പദ്ധതി ചെലവ് എത്രയെന്ന് പറയാൻ ഒരു മുഖ്യമന്ത്രിക്ക് ആകുന്നില്ലെന്നും അദ്ദേഹം പരിഹസിച്ചു.

സംസ്ഥാനത്തിൻറെ പദ്ധതി ചെലവ് ആകെ 65 ശതമാനമാണ്. എന്നാൽ ഇത് ബുക്കിലെ കണക്ക് മാത്രമാണ്. വാസ്തവത്തിൽ പദ്ധതി ചെലവ് 50 ശതമാനം പോലുമില്ല. കേരളത്തിൻറെ ഏറ്റവും കുറവ് പദ്ധതി ചെലവ് നടന്ന വർഷമാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭരണം ദിനംപ്രതി മോശമാകുന്നു. എന്നാൽ എല്ലാദിവസവും പൗരത്വനിയമം കൊണ്ട് ഇറങ്ങുകയാണ്. പക്ഷേ സിഎഎയുമായി ബന്ധപ്പെട്ട കേസുകൾ ഒന്നും പിൻവലിച്ചിട്ടില്ലെന്നും അദ്ദേഹം വിമർശിച്ചു.

റിയാസ് മൗലവിയുടെ കേസിലും പോലീസ് പരാജയമായിരുന്നു. പുസ്തകം വായിച്ചതിൻറെ പേരിൽ കോഴിക്കോട് അലനെയും താഹയേയും ജയിലിലിട്ടവർ റിയാസ് മൗലവി വധക്കേസ് പ്രതികൾക്കെതിരേ യുഎപിഎ ചുമത്താൻ തയാറായില്ല.

ഇത് ആർഎസ്എസ് സിപിഎം ധാരണയുടെ ഭാഗമാണ്. എന്നാൽ ഇത് ഫലം കാണില്ലെന്നും കേരളത്തിലെ മതേതര നിലപാടെടുക്കുന്ന ജനങ്ങൾ യുഡിഎഫിന് വൻ വിജയം നൽകുമെന്നും സതീശൻ പറഞ്ഞു. എസ്ഡിപിഐയുമായി ലോക്സഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് ധാരണയുണ്ടാക്കിയിട്ടില്ലെന്നും പ്രതിപക്ഷ നേതാവ് കൂട്ടിച്ചേർത്തു.

# റിയാസ് മൗലവി വധം: സർക്കാറിനെതിരേ സമസ്ത

കോഴിക്കോട്: കാസർഗോഡ് ചൂരിയിലെ മുഹമ്മദ് റിയാസ് മൗലവി വധക്കേസിൽ പോലീസിനും പ്രോസിക്യൂഷനുമെതിരേ രൂക്ഷ വിമർശനവുമായി സമസ്ത മുഖപത്രം. കോടതി ചൂണ്ടിക്കാട്ടിയ വീഴ്ചകൾ ഉണ്ടെങ്കിൽ ഒത്തുകളിയോ മധ്യസ്ഥതയോ നടന്നെന്ന് സംശയിക്കാമെന്നാണ് സമസ്ത മുഖപത്രമായ സുപ്രഭാതത്തിലെ മുഖപ്രസംഗത്തിൽ വിമർശിക്കുന്നത്.

വീഴ്ച പ്രോസിക്യൂഷനോ കോടതിക്കോ എന്നാണ് മുഖപ്രസംഗത്തിൻറെ തലക്കെട്ട്. തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിയിരിക്കുന്ന സമയത്താണ് സമസ്ത സർക്കാറിനെതിരേ രംഗത്തുവന്നിട്ടുള്ളത്.

മൗലവി വധക്കേസിൽ മുഴുവൻ ആർഎസ്എസ് പ്രവർത്തകരെയും കോടതി വെറുതെവിട്ട സംഭവത്തിലാണ് സുപ്രഭാതത്തിലെ മുഖപ്രസംഗം. പ്രതികളെ വെറുതെവിട്ട കോടതി പ്രോസിക്യൂഷനെ രൂക്ഷമായി വിമർശിക്കുകയും ചെയ്തിരുന്നു.

കോടതിയിൽ ഡിഎൻഎ ഉൾപ്പെടെയുള്ള തെളിവുകൾ ഹാജരാക്കിയിട്ടും പ്രതികൾ കുറ്റമുക്തർ ആയെങ്കിൽ ആരെയാണ് സംശയിക്കേണ്ടതെന്ന് മുഖപ്രസംഗത്തിൽ ചോദിക്കുന്നു. ആർഎസ്എസ് പ്രവർത്തകർ പ്രതികളാവുന്ന കേസുകളിൽ പ്രോസിക്യൂഷൻ തുടർച്ചയായി പരാജയപ്പെടുന്നത് അതിശയകരവും സംശയകരവുമാണ്.

സംഭവത്തിൽ കോടതിക്കാണോ പ്രോസിക്യുഷനാണോ വീഴ്ച സംഭവിച്ചതെന്ന ചോദ്യമാണ് മുഖപ്രസംഗത്തിൽ ഉയർത്തുന്നത്. ജനാധിപത്യത്തിൻറെ കരുത്തും ജുഡീഷ്യറിയുടെ വിശ്വാസ്യതയും ഇല്ലായ്മ ചെയ്യുന്നതാണ് അടുത്തകാലത്തെ ചില വിധികളെന്ന് സമസ്ത കുറ്റപ്പെടുത്തുന്നു. പോലീസ് നീതി നിർവഹണ സംവിധാനങ്ങളെ കണ്ണടച്ചു വിശ്വസിക്കേണ്ട എന്നാണ് മൗലവി കേസ് വിധി പറയുന്നതെന്ന് മുഖപ്രസംഗം ചൂണ്ടിക്കാട്ടുന്നു.

പോലീസിനെയും സർക്കാരിനെയും പ്രതിക്കൂട്ടിലാക്കുന്നതാണ് മുഖപ്രസംഗം. സിഎഎ വിഷയത്തിൽ എല്ലാ മുസ്ലിം സംഘടനകളെയും ഒന്നിച്ചണിനിരത്തി തങ്ങളാണ് മുസ്ലിം ജനതയ്ക്കുവേണ്ടി നിലക്കൊള്ളുന്നെതന്ന തോന്നലുണ്ടാക്കാൻ സിപിഎമ്മും സർക്കാറും ശ്രമിക്കുന്നതിനിടെയാണ് കൊലപാതകത്തിൻറെ അന്വേഷണത്തിൽ ഒത്തുതീർപ്പുണ്ടായതായ സമസ്തയുടെ ആരോപണം ഉയരുന്നത്.

ഇത് സിപിഎം നീക്കത്തിനു കനത്ത തിരിച്ചടിയാണ്. പ്രോസിക്യുഷനും അന്വേഷണസംഘത്തിനുമെതിരേ റിയാസ് മൗലവിയുടെ കുടുംബവും രംഗത്തുവന്നിട്ടുണ്ട്.

തുടക്കം മുതൽ കൊലപാതകത്തിൻറെ ഗൂഡാലോചന അന്വേഷിക്കണമെന്ന ആവശ്യം തുടക്കം മുതൽ ഉന്നയിച്ചിരുന്നുവെങ്കിലും അന്വേഷണസംഘം അതു പരിഗണിച്ചില്ലെന്ന് കുടുംബം കുറ്റപ്പെടുത്തുന്നു.

കേസ് തെളിയിക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥരും പോലീസും പരാജയപ്പെട്ടുവെന്നാണ് കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

# കടൽക്ഷോഭം: നെയ്യാറ്റിൻകര താലൂക്കിൽ രണ്ട് ക്യാമ്പുകൾ തുറന്നു

തിരുവനന്തപുരം : തീരദേശമേഖലകളിലുണ്ടായ കടൽക്ഷോഭത്തെ തുടർന്ന് നെയ്യാറ്റിൻകര താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. കുളത്തൂർ വില്ലേജിലെ പൊഴിയൂർ ഗവ. യുപി സ്കൂളിലും കരുംകുളം വില്ലേജിലെ പുല്ലുവിള ലിയോ 13 സ്കൂളിലുമാണ് ക്യാമ്പുകൾ തുറന്നത്. പൊഴിയൂർ ഗവ. യു പി സ്കൂളിൽ 8 കുടുംബങ്ങളെയും പുല്ലുവിള ലിയോ ത111 സ്കൂളിൽ 14 കുടുംബങ്ങളെയുമാണ് പാർപ്പിച്ചിരിക്കുന്നത്.

ഉയർന്ന തിരമാലയ്ക്ക് സാധ്യത കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് (ഏപ്രിൽ ഒന്ന്) രാത്രി 11.30 വരെ, 0.5 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിന്റെ വേഗത സെക്കൻഡിൽ 5 സെന്റിമീറ്ററിനും 20 സെന്റിമീറ്ററിനും ഇടയിൽ മാറിവരാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതി പഠനകേന്ദ്രം അറിയിച്ചു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകടമേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കണം. ബോട്ട്,വള്ളം മുതലായ മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും അറിയിപ്പിൽ പറയുന്നു.

പുതുക്കിയ ഉയർന്ന തിരമാല ജാഗ്രതാ നിർദേശം കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് (ഏപ്രിൽ ഒന്ന്) രാത്രി 11.30 വരെ, 0.5 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിന്റെ വേഗത സെക്കൻഡിൽ 5 സെന്റിമീറ്ററിനും 20 സെന്റിമീറ്ററിനും ഇടയിൽ മാറിവരാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതി പഠനകേന്ദ്രം അറിയിച്ചു. തെക്കൻ തമിഴ്നാട് തീരത്ത് ഇന്ന് (ഏപ്രിൽ ഒന്ന്) രാത്രി 11.30 വരെ, 0.5 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിന്റെ വേഗത സെക്കൻഡിൽ 5 സെന്റിമീറ്ററിനും 30 സെന്റിമീറ്ററിനും ഇടയിൽ മാറിവരാൻ സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം നൽകി. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകടമേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കണം. ബോട്ട്, വള്ളം മുതലായ മത്സ്യബന്ധനയാനങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കും. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും ജാഗ്രതാ നിർദേശത്തിൽ പറയുന്നു

# ശ്രീരാമൻറെ പേരിൽ വോട്ടഭ്യർഥന; അബ്ദുള്ളക്കുട്ടിക്കെതിരെ പരാതി

തൃശൂർ: എൻഡിഎ സ്ഥാനാർഥി സുരോഷ് ഗോപിക്കായി ശ്രീരാമൻറെ പേരിൽ എ. പി. അബ്ദുള്ളക്കുട്ടി വോട്ടഭ്യർഥന നടത്തിയെന്ന് ആരോപിച്ച് എൽഡിഎഫ് തെരഞ്ഞെടുപ്പ് കമ്മീഷനിൽ പരാതി നൽകി.

മാർച്ച് 30ന് ഇരിങ്ങാലക്കുടയിൽ നടത്തിയ പൊതുസമ്മേളനത്തിൽ ശ്രീരാമ ഭഗവാനെ മനസിൽ ധ്യാനിച്ചു കൊണ്ട് സുരേഷ് ഗോപിയ്ക്ക് വോട്ട് ചെയ്യണം എന്ന അഭ്യർഥനയാണ് ബിജെപി നേതാവ് അബ്ദുള്ളക്കുട്ടി നടത്തിയത്.

അബ്ദുള്ളക്കുട്ടിയുടെ പ്രവൃത്തി ജനപ്രാതിനിധ്യ നിയമ പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമ പ്രകാരവും കുറ്റകരവും ശിക്ഷാർഹവുമാണെന്ന് എൽഡിഎഫ് നേതാക്കൾ പറഞ്ഞു. എൽഡിഎഫ് തൃശൂർ പാർലമെൻറ് മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ജനറൽ സെക്രട്ടറി കെ. പി. രാജേന്ദ്രനാണ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയത്.

സുരേഷ് ഗോപിയുടെ സാന്നിധ്യത്തിൽ അദ്ദേഹത്തിൻറെ അറിവോടും സമ്മതത്തോടും കൂടി ഹിന്ദുമത വിശ്വാസികൾ അനുകൂലമായി വോട്ട് രേഖപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയാണ് അബ്ദുള്ളക്കുട്ടി ഇത്തരത്തിൽ വോട്ട് അഭ്യർഥിച്ചതെന്ന് പരാതിയിൽ പറയുന്നു.

# കടൽക്ഷോഭം: മുഴപ്പിലങ്ങാട് ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്നു

കണ്ണൂർ: തെക്കൻ കേരളത്തിലെ കടൽ ക്ഷോഭത്തിൻറെ അലകൾ കണ്ണൂരിലും. കടൽ ക്ഷോഭത്തെ തുടർന്ന് മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്നു.

റബർ പ്ലാസ്റ്റിക് മിശ്രിതമുപയോഗിച്ച് നിർമിച്ച ഫ്ലോട്ടിംഗ് ബ്രിഡ്ജ് തിരമാലകളുടെ ഏറ്റക്കുറച്ചിലിനനുസരിച്ച് ഉയരുകയും താഴുകയും ചെയ്യുന്ന രീതിയിലായിരുന്നു നിർമിച്ചത്. ഫ്ലോട്ടിംഗ് ബ്രിഡ്ജിൻറെ ചില ഭാഗങ്ങൾ കരയിലേക്കടിഞ്ഞ നിലയിലാണ് കണ്ടെത്തിയത്.

അതേ സമയം തകരാർ സംഭവിച്ചിട്ടില്ലെന്നും കടൽ ക്ഷോഭമുണ്ടായ പശ്ചാത്തലത്തിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് അഴിച്ചു വച്ചതാണെന്നുമാണ് ഡിടിപിസിയും നടത്തിപ്പുകാരും നൽകിയ വിശദീകരണം.

# തെരഞ്ഞെടുപ്പ്: ജില്ലാ കളക്ടർ പരിശോധന നടത്തി

കൊട്ടാരക്കര : പാർലമെൻറ് തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ അതിർത്തികളിൽ പരിശോധനകൾ ശക്തമാക്കുന്നതിൻറെ ഭാഗമായി ജില്ലാ കളക്ടർ എൻ.ദേവി ദാസിൻറെ നേതൃത്വത്തിലുള്ള സംഘം ജില്ലാ അതിർത്തിയായ എനാത്തും നിലമേലും മറ്റ് സ്ഥലങ്ങളിലും മിന്നൽ പരിശോധന നടത്തി. പരിശോധനാ സംവിധാനങ്ങൾ വിലയിരിത്തുന്നതിൻറെ ഭാഗമായാണ് ജില്ലാ കളക്ടറുടെ മിന്നൽ പരിശോധന നടന്നത്. ഡെപ്യൂട്ടി കളക്ടർമാർ, തെരെഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.കൊല്ലം പത്തനംതിട്ട ജില്ലകളുടെ അതിർത്തിയായ എനാത്ത് പാലത്തിൻറെ ഇരു കരകളിലും 24 മണിക്കൂർ നീളുന്ന സ്റ്റാറ്റിക് സർവലൈൻസിൻറെ പരിശോധനക്കു പുറമെ സിഐഎസ് എഫിൻറേയും പോലീസിൻറേയും നേതൃത്വത്തിൽ വലിയ പരിശോധനകളാണ് നടന്നു വരുന്നത്. രേഖകൾ ഇല്ലാതെ പണം, മദ്യം എന്നിവ വാഹനങ്ങളിൽ കൊണ്ടു പോകുന്നവർ കുടുങ്ങും എന്ന മുന്നറിയിപ്പാണ് ഉദ്യോഗസ്ഥർ നൽകുന്നത്.

പരിശോധന സംവിധാനങ്ങൾ ജിപിഎസ്, ലൈവ് കാമറ സംവിധാനങ്ങളിലൂടെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലാണ്. നിയമവിരുദ്ധമായ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ പൊതു ജനത്തിന് സി വിജിൽ ആപ്പ് വഴി പരാതിപ്പെടാനും പരാതി നിമിഷങ്ങക്കുള്ളിൽ പരിഹരിക്കാനുമുള്ള സംവിധാനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

# കൊല്ലത്ത് കടലാക്രമണം തുടരുന്നു

കൊല്ലം: ജില്ലയിലെ മുണ്ടയ്ക്കൽ മുതൽ തിരുവനന്തപുരം ജില്ലയുടെ അതിർത്തിയായ കാപ്പിൽ വരെ ഞായറാഴ്ച ഉച്ചയ്ക്ക് ആരംഭിച്ച കടലേറ്റം ശമനമില്ലാതെ തുടരുന്നു. പരവൂർ കോങ്ങാൽ മുതൽ താന്നിവരെയുള്ള ഭാഗത്ത് ശക്തമായ തിരമാലകൾ ഇന്നും തീരത്തേക്ക് നിരവധി തവണ ഇരച്ചുകയറി.

നാലു മീറ്റർ ഉയരത്തിൽ വരെ തിരമാലകൾ ഉയർന്ന് പൊങ്ങുന്നതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു. മുക്കം ഭാഗത്ത് 30 മീറ്റർ വരെയാണ് കടൽ കയറിയത്. താന്നിയിലും മുക്കത്തും തീരദേശ റോഡിലും വെള്ളം കയറി. എന്നാൽ ഇതുവഴിയുള്ള ഗതാഗതത്തിന് കാര്യമായ തടസങ്ങൾ ഉണ്ടായിട്ടില്ല.

കൊല്ലം മുണ്ടയ്ക്കൽ, ഇരവിപുരം, താന്നി, മുക്കം, പൊഴിക്കര, ചില്ലയ്ക്കൽ, തെക്കുംഭാഗം, കാപ്പിൽ മേഖലയിലാണ് കടലേറ്റം ശക്തമായി അനുഭവപ്പെടുന്നത്. ഞായറാഴ്ച ഉച്ചയ്ക്ക് 1.30 ഓടെയാണ് ഇവിടങ്ങളിൽ കടലാക്രമണം അനുഭവപ്പെട്ടത്. ഇതേതുടർന്ന് വള്ളങ്ങളും വലകളുമൊക്കെ മത്സ്യത്തൊഴിലാളികൾ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റി.

ചില്ലയ്ക്കൽ, പൊഴിക്കര, മുക്കം, ഇരവിപുരം മേഖലകളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇന്ന് മീൻ പിടിത്തത്തിന് പോയില്ല. ചെറുവള്ളങ്ങളിലാണ് ഇവിടെ തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാറുള്ളത്. മത്സ്യബന്ധനത്തിന് അധികൃതർ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഈ മേഖലയിൽ കാര്യമായ നാശനഷ്ടവും റിപ്പോർട്ട് ചെയ്തിട്ടില്ല. കൊല്ലം ബീച്ച്, അഴീക്കൽ ബീച്ച്, മുക്കം ബീച്ച് എന്നിവിടങ്ങളിൽ സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തി. ഇന്ന് രാവിലെ മുതൽ തന്നെ പ്രദേശത്ത് പോലീസ് പട്രോളിംഗും നടത്തുന്നുണ്ട്.

അതേസമയം കൊല്ലം മുണ്ടയ്ക്കൽ പാപനാശനത്തിനും ബീച്ചിനും മധ്യേയുള്ള വെടിക്കുന്ന് പ്രദേശത്ത് കടലേറ്റം ഇന്നലെ കാര്യമായ നാശം വിതച്ചു. നിരവധി വീടുകൾ തകർന്നു. ചില വീടുകൾക്ക് ഭാഗികമായ കേടുപാടുകളും ഉണ്ടായി.

ഇവിടങ്ങളിൽ താമസിക്കുന്ന പല കുടുംബങ്ങളും ഞായറാഴ്ച ഉച്ചയോടെ തന്നെ ബന്ധു വീടുകളിലേയ്ക്ക് മാറിയിരുന്നു. ഇവിടെ ക്ഷേത്രത്തിൻറെ ഓഫീസ് കെട്ടിടവും സെൻറ് ജോർജ് ചാപ്പലിൻറെ ചുറ്റുമതിലും തകർന്നു. ചാപ്പലിന് മുന്നിലെ റോഡും ഏതാണ്ട് പൂർണമായും തകർന്ന നിലയിലാണ്. ചാപ്പലിലെ രൂപങ്ങൾ ബന്ധപ്പെട്ടവർ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി.

കടൽക്ഷോഭം അനിയന്ത്രിതമായാൽ ഈ മേഖലയിൽ താമസിക്കുന്നവരെ ഇരവിപുരം കമ്യൂണിറ്റി ഹാളിലേക്ക് മാറ്റി സ്ഥാപിക്കുമെന്ന് മേയർ പ്രസന്ന ഏണസ്റ്റ് പറഞ്ഞു. ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുന്നതിനുൾപ്പെടെയുള്ള സജീകരണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ കളക്ടറും അറിയിച്ചു.

കടൽക്ഷോഭം രൂക്ഷമായി തുടരാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കും. വല ഉൾപ്പെടെയുള്ള മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷയും ഉറപ്പാക്കണം.

ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും കടൽ സ്ഥിതി ശാന്തമാകുന്നതു വരെ പൂർണമായും ഒഴിവാക്കേണ്ടതാണ്. അടിയന്തിര സഹായങ്ങൾക്കായി കളക്ട്രേറ്റ് കൺട്രോൾ റൂമിലേക്ക് 9447677800 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ആഴക്കടൽ മത്സ്യബന്ധനത്തിന് നിലവിൽ തടസമില്ലെന്നും എന്നാൽ തീരത്തേക്ക് മടങ്ങിയെത്തുന്ന യാനങ്ങൾ പ്രത്യേക ജാഗ്രത പുലർത്തണമെന്നും കൊല്ലം ജില്ലാ കളക്ടർ അറിയിച്ചു.

# പട്ടാഴിമുക്ക് വാഹനാപകടം: ലോറി ഡ്രൈവറെ കേസിൽ നിന്ന് ഒഴിവാക്കി

പത്തനംതിട്ട: പട്ടാഴിമുക്ക് അപകടത്തിൽ ലോറി ഡ്രൈവറെ കേസിൽ നിന്ന് ഒഴിവാക്കി. ലോറിയിലേക്ക് കാർ മനഃപൂർവം ഇടിച്ചുകയറ്റിയതാണെന്ന മോട്ടോർ വാഹനവകുപ്പ് റിപ്പോർട്ട് പരിഗണിച്ചാണ് പോലീസ് നടപടി.

ലോറി ഡ്രൈവർക്കെതിരെ ചുമത്തിയ മനഃപൂർവമല്ലാത്ത നരഹത്യ ഒഴിവാക്കി പോലീസ് കോടതിയിൽ റിപ്പോർട്ട് നൽകി. കണ്ടെയ്നർ ലോറി ഡ്രൈവർ റംസാനെതിരെ മനഃപൂർവമല്ലാത്ത നരഹത്യക്ക് പോലീസ് കേസെടുത്തിരുന്നു.

കാർ ഓടിച്ച ഹാഷിം ബ്രേക്ക് ഉപയോഗിച്ചിട്ടില്ലെന്നും പരിശോധനയിൽ വ്യക്തമായി. തെറ്റായ ദിശയിൽ നിന്നുമാണ് കാർ ഇടിച്ചു കയറിയത്. അനുജയും ഹാഷിമും സീറ്റ് ബൽറ്റ് ധരിച്ചിരുന്നില്ല.

രാജസ്ഥാൻ രജിസ്ട്രേഷനിലുള്ള ലോറിയിൽ നിയമ വിരുദ്ധമായി ഘടിപ്പിച്ച ക്രാഷ് ബാരിയർ അപകടത്തിൻറെ വ്യാപ്തി വർധിപ്പിച്ചുവെന്നും മോട്ടോർ വാഹനവകുപ്പിൻറെ റിപ്പോർട്ടിലുണ്ട്. കാറിൽ എയർബാഗ് ഇല്ലായിരുന്നുവെന്നും റിപ്പോർട്ടിലുണ്ട്.

# കുമരകത്ത് വൻ തീപിടിത്തം

കുമരകം: കുമരകം പള്ളിച്ചിറ കവലയ്ക്ക് സമീപം പ്രവർത്തനം ആരംഭിക്കാത്ത റിസോർട്ട് കെട്ടിടത്തിന് ഇന്നലെ പുലർച്ചെ തീപിടിച്ചു. മുംബൈ ആസ്ഥാനമായ കമ്പനിയുടെ റിസോർട്ട് കെട്ടിടത്തിനാണ് തീ പിടിച്ചത്.

വേമ്പനാട്ടുകായലിനോടു ചേർന്ന് നിരവധി കുടുംബങ്ങൾ താമസിച്ചിരുന്ന വീടും സ്ഥലവും വിലയ്ക്കു വാങ്ങി കമ്പനി റിസോർട്ട് നിർമിക്കുകയായിരുന്നു. വർഷങ്ങളായി തുടർ നടപടികൾ നടത്താതെ സാമൂഹ്യ വിരുദ്ധരുടെ താവളമായും കാടുപിടിച്ചും കിടക്കുകയായിരുന്നു പ്രദേശം.ഇവിടെ മുമ്പ് പലതവണ തീപിടിത്തം ഉണ്ടായിട്ടുണ്ട്.വിജനമായിക്കിടക്കുന്ന റിസർട്ട് പുരയിടത്തിൽ മദ്യപാനവും കഞ്ചാവ് ഉൾപ്പടെയുള്ള ലഹരി പദാർഥങ്ങളുടെ ഉപയോഗവും യഥേഷ്ടം നടക്കുന്നുണ്ട്. സമീപവാസികൾക്ക് പ്രവർത്തനമില്ലാതെ കിടക്കുന്ന റിസോർട്ട് ശല്യമായി മാറിയിരിക്കുകയാണ്.

കാട്ടേയത്തു നിന്നെത്തിയ ഫയർഫോഴ്സ് യൂണിറ്റുകൾ തീയണയ്ക്കാൻ ഏറെ പണിപ്പെട്ടു. തീയണച്ചപ്പോഴേയ്ക്കും കെട്ടിടം പൂർണമായും അഗ്നിക്കിരയായിരുന്നു.

# ബെവ്കോ നഷ്ടത്തിലേക്ക് കൂപ്പുകുത്തും; മന്ത്രിക്ക് എംഡിയുടെ മുന്നറിയിപ്പ്

തിരുവനന്തപുരം: ബജറ്റിൽ വർധിപ്പിച്ച ഗ്യാലനേജ് ഫീസ് പിൻവലിച്ചില്ലെങ്കിൽ ബെവ്കോ കടുത്ത നഷ്ടത്തിലേക്ക് കൂപ്പുകുത്തുമെന്ന് ബെവ്കോ എംഡിയുടെ കത്ത്. എക്സൈസ് മന്ത്രി എം.ബി. രാജേഷിനാണ് കത്ത് നൽകിയത്.300 കോടിയുടെ അധിക വരുമാനം ലക്ഷ്യമിട്ടാണ് ഫീസ് കുത്തനെ വർധിപ്പിച്ചത്. കൂട്ടിയ ഫീസ് കുറച്ചില്ലെങ്കിൽ ബെവ്ക്കോയ്ക്ക് പിടിച്ചുനിൽക്കാൻ വീണ്ടും സംസ്ഥാനത്ത് മദ്യവില ഉയർത്തേണ്ടിവരും.

വെയർ ഹൗസുകളിൽ നിന്ന് ഔട്ട് ലെറ്റുകളിലേക്ക് മദ്യം മാറ്റുമ്പോൾ ബെവ്കോ സ!ർക്കാരിന് നൽകേണ്ട നികുതിയാണ് ഗ്യാലനേജ് ഫീസ്. നിലവിൽ ലിറ്ററിന് അഞ്ച് പൈസയാണ് നൽകിയിരുന്നത്. പുതിയ സാമ്പത്തിക വർഷം മുതൽ അത് 10 രൂപയായി ഉയരും.

ഇതുവഴി 300 കോടിയുടെ നഷ്ടം ബെവ്ക്കോയ്ക്ക് ഉണ്ടാകുമെന്നാണ് എംഡി യോഗേഷ് ഗുപ്ത സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

# വിദ്യാർഥി പ്രവേശനം

പേരൂർക്കട എസ്.എ.പി കേന്ദ്രീയ വിദ്യാലയത്തിൽ 2024 25 അധ്യയന വർഷത്തിലേക്ക് ആറ് വയസ് പൂർത്തിയായ കുട്ടികൾക്ക് ഒന്നാം ക്ലാസിൽ ഓൺലൈൻ (https://kvsonlineadmission.kvs.gov.in) ആയും ബാലവാടിക ക്ലാസിലേക്ക് അഞ്ചുവയസ് പൂർത്തിയായ കുട്ടികൾക്ക് സ്കൂളിൽ നിന്നു നേരിട്ട് ആപ്ലിക്കേഷൻ ഫോം വാങ്ങി ഓഫ് ലൈൻ ആയും ഉള്ള അഡ്മിഷൻ പ്രക്രീയ ഏപ്രിൽ ഒന്നാം തീയതി ആരംഭിച്ച് പതിനഞ്ചാം തീയതി അവസാനിക്കുന്നതാണ്. താത്പര്യമുള്ള രക്ഷകർത്താക്കൾ മറ്റു വിശദവിവരങ്ങൾക്കായി സ്കൂൾ ഓഫീസ്/ വെബ് സൈറ്റ് സന്ദർശിക്കേണ്ടതാണ്. ഹെൽപ്ഡെസ്ക് നം: 807822278.

# നെയ്യാറ്റിൻകരയിലെ യുവാവിൻെറ കൊലപാതകം: പ്രതികൾ അറസ്റ്റിൽ

നെയ്യാറ്റിൻകര : കൊടങ്ങാവിളയിൽ കഴിഞ്ഞ ദിവസം ആദിത്യൻ എന്ന യുവാവിനെ കുത്തി കൊലപ്പെടുത്തിയ കേസിലെ നാലു പ്രതികളെ പോലീസ് അറസ്റ്റു ചെയ്തു. വെൺപകൽ പട്യക്കാല പുത്തൻവീട് ജെഎസ് ഭവനിൽ ജെ.എസ്.ജിബിൻ (25), നെല്ലിമൂട് കണ്ണറവിള പെരിങ്ങോട്ടുകോണത്തിൽ മനോജ് (19), ചൊവ്വര ചപ്പാത്ത് ബെതെൽ ഭവനിൽ അഭിജിത്ത് (18), കാഞ്ഞിരംകുളം കഴിവൂർ തട്ടുനാല് പ്ലാവിള പുത്തൻ വീട്ടിൽ രജിത്ത് (23) എന്നിവരാണ് അറസ്റ്റിലായത്.

റൂറൽ ജില്ലാ പോലീസ് മേധാവി കിരൺ നാരായണിന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ ഡെപ്യൂട്ടി സൂപ്രണ്ട് എസ്. അമ്മിണിക്കുട്ടൻ, നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എ.സി.വിപിൻ, പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എസ്. വിപിൻകുമാർ, അസി. പോലീസ് സബ് ഇൻസ്പെക്ടർ വി.എം.സരിത, ലിബു എന്നിവരുൾപ്പെട്ട അന്വേഷണ സംഘമാണ് പ്രതികളെ പിടികൂടിയത്.

കൊലപാതകത്തിനു ശേഷം തിരുനൽവേലി നാഗർകോവിൽ യാത്രയ്ക്കിടയിൽ പ്രതികൾ പോലീസ് പിടിയിലാവുകയായിരുന്നു. പ്രതികളെ നെയ്യാറ്റിൻകര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുന്പാകെ ഹാജരാക്കി. നാലു പ്രതികളെയും റിമാൻഡ് ചെയ്തു.

കഴിഞ്ഞ ദിവസം രാത്രി ഏഴോടെ കൊടങ്ങാവിള ചാനൽപാലത്തിനു സമീപമാണ് സംഘം അമരവിളയിലെ ഒരു മൈക്രോ ഫിനാൻസ് സ്ഥാപനത്തിലെ കളക്ഷൻ ഏജൻറായ ആദിത്യനെ കുത്തി കൊലപ്പെടുത്തിയത്. കാറിലെത്തിയ ആക്രമി സംഘം സംഭവത്തിനു ശേഷം വാഹനം ഉപേക്ഷിച്ച് രക്ഷപ്പെട്ടു.

നാലംഗ സംഘത്തിൻറെ സുഹൃത്തിൻറേതാണ് കാറെന്ന് പോലീസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇന്നലെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനു ശേഷം ആദിത്യൻ മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി.

# തൊഴുവൻകോട് ബംഗ്ലാവുവിളയിൽ സാമൂഹികവിരുദ്ധ ശല്യം

പേരൂർക്കട: തൊഴുവൻകോട് ബംഗ്ലാവുവിളയിലെ മദ്യപാനിശല്യത്തിൽ പൊറുതിമുട്ടി നാട്ടുകാർ. രാത്രി10 മുതൽ പ്രദേശത്തെ നീരുറവയ്ക്കു സമീപം തമ്പടിക്കുന്ന ഇവർ ക്രമേണ കിള്ളിയാറ്റിൻറെ കരകളിലെത്തി സംഘം ചേർന്ന് മദ്യപിക്കുകയാണ് ചെയ്യുന്നത്.

പ്രദേശത്ത് 50 മീറ്റർ ചുറ്റളവിൽ മദ്യക്കുപ്പികളുടെയും മിനറൽവാട്ടർ കുപ്പികളുടെയും അവശിഷ്ടങ്ങൾ കാണാം. കുപ്പികൾ കുന്നുകൂടുമ്പോൾ കിള്ളിയാറ്റിനു കുറുകെയുള്ള പാലം കടന്ന് കാടുപിടിച്ച ഭാഗത്ത് ഇവർതന്നെ കൊണ്ടുചെന്ന് ഉപേക്ഷിക്കുകയാണ് പതിവെന്നും നാട്ടുകാർ. അതുകൊണ്ടുതന്നെ ഇവർ എവിടെയൊക്കെ ഇരുന്നാണ് മദ്യപിക്കുന്നതെന്ന് കണ്ടുപിടിക്കുക സാദ്ധ്യമല്ല.

പ്രദേശത്തെ തെരുവുവിളക്കുകൾ കൃത!്യമായി പ്രകാശിക്കാത്തതും സാമൂഹിക വിരുദ്ധർക്ക് തമ്പടിക്കാൻ സഹായകരമാവുകയാണ്. ഇരുവശവും സ്വകാര്യവ്യക്തികളുടെ കാടുപിടിച്ചുകിടക്കുന്ന ഭൂമിയുമാണ്.

കടുത്ത വേനലിൽ വെള്ളം കുറഞ്ഞതോടെ കൃഷിഭൂമി തരിശായി ഇട്ടിരിക്കുന്നതിനാൽ ഇവിടെയുള്ള ഉചിതമായ സ്ഥലം തേടിപ്പിടിച്ച് മദ്യപാനികൾ താവളമുറപ്പിക്കുന്നുണ്ട്. വട്ടിയൂർക്കാവ് പോലീസിൻറെ ശക്തമായ പട്രോളിംഗ് ഈ ഭാഗത്ത് ഉണ്ടായിരുന്നുവെങ്കിൽ മദ്യപാനികളുടെ ശല്യത്തിന് അറുതി വരുത്താമായിരുന്നു നാട്ടുകാർ പറയുന്നത്.

മദ!്യപാനികളെ തെരഞ്ഞുപിടിച്ച് ശിക്ഷിച്ചിരുന്നു

പേരൂർക്കട: അനിൽ എന്ന പോലീസ് ഉദ്യോഗസ്ഥൻ വട്ടിയൂർക്കാവ് സി.ഐ ആയിരുന്ന കാലത്ത് മദ്യപാനികളെ തെരഞ്ഞുപിടിച്ച് ശിക്ഷ നൽകുന്ന രീതി ഉണ്ടായിരുന്നു. 200 പേജുള്ള ബുക്ക് വാങ്ങിപ്പിച്ചശേഷം അതിൽ നിറയെ "ഇനി ഞാൻ കുടിക്കില്ല" എന്നു, പിടിക്കപ്പെടുന്ന മദ്യപാനികളെക്കൊണ്ട് എഴുതിക്കുകയായിരുന്നു ആ രീതി. രാവിലെ പിടിക്കപ്പെടുന്നവർക്ക് വൈകുന്നേരമാണ് സ്റ്റേഷൻ വിട്ടുപോകാൻ സാധിച്ചിരുന്നത്.

ഇതോടെ മദ്യപാനികളുടെ ശല്യം ഏറെക്കുറെ കുറഞ്ഞിരുന്നതാണ്. ഈ ശിക്ഷാസമ്പ്രദായം വീണ്ടും കൊണ്ടുവരണമെന്ന് വട്ടിയൂർക്കാവ് നിവാസികൾ ആവശ്യപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

# പാച്ചല്ലൂരിലെ മോഷണ പരമ്പര; പ്രതികൾ ഉടൻ പിടിയിലാകുമെന്ന് പോലീസ്

തിരുവല്ലം: പാച്ചല്ലൂരിൽ അടച്ചിട്ടിരുന്ന മൂന്ന് വീടുകളുടെ വാതിലുകൾ തകർത്ത് സ്വർണാഭരണങ്ങളും പണവും കവർന്ന സംഭവത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി. പ്രതികൾ ഉടൻ പിടിയിലാകുമെന്ന് പോലീസ് സൂചന നൽകി.

പാച്ചല്ലൂർ തോപ്പടി പന്തക്കൽ സ്വദേശി നിഷ നമേഷിൻറെ വീടിൻറെ മുൻ വാതിൽ കുത്തിത്തുറന്ന മോഷ്ടാക്കൾ അലമാരയിൽ സൂക്ഷിച്ചിരുന്ന അഞ്ച് പവൻറെ ആഭരണങ്ങളും 10, 000 രൂപയും കവർന്നു. നിഷ ബംഗളൂരുവിലുള്ള ബന്ധു വീട്ടിൽ പോയിരിക്കുകയായിരുന്നു. വീടിന് സമീപത്തുള്ള ബന്ധുവാണ് ശനിയാഴ്ച രാവിലെ വീടിൻറെ മുൻവാതിൽ കുത്തിത്തുറന്ന നിലയിൽ കണ്ടെത്തിയത്.

പാച്ചല്ലൂർ കെഎസ്ഇബിക്കു സമീപം ഉഷസ് വീട്ടിൽ ബി. ശ്രീകുമാരൻ നായരുടെ വീടിൻറെ മുൻവാതിൽ കുത്തിത്തുറന്ന മോഷ്ടാക്കൾ അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണാഭരണവും 10, 000 രൂപയും കവർന്നെടുക്കുകയായിരുന്നു. ശ്രീകുമാരൻ നായരുടെ വീട്ടിലും ആളില്ലാത്ത സമയം നോക്കിയാണ് കവർച്ച നടന്നത്. പാച്ചല്ലൂർ നമിത് ഭവനിൽ രാജേഷിൻറെ വീടിൻറെ മുൻ വാതിൽ തകർത്ത് അകത്തുകടന്ന മോഷ്ടാവ് രണ്ട് ലക്ഷത്തോളം രൂപ വില വരുന്ന സ്വർണാഭരണങ്ങളും 640 രൂപയും കവർന്നെടുക്കുകയായിരുന്നു. രണ്ട് ദിവസം മുമ്പ് ക്ഷേത്ര ദർശനത്തിനു പോയി ശനിയാഴ്ച രാവിലെ തിരികെ എത്തിയപ്പോഴാണ് മോഷണ വിവരം വീട്ടുകാർ അറിയുന്നത്.

തിരുവല്ലം പോലീസ്, വിരലടയാള വിദഗ്ധർ, ഫൊറൻസിക് വിഭാഗം, ഡോഗ് സ്ക്വാഡ് എന്നിവ സ്ഥലത്തെത്തി വിശദമായ തെളിവുകൾ ശേഖരിക്കുകയുണ്ടായി. മൂന്ന് വീടുകളിലെയും കവർച്ച നടത്തിയത് ഒരേ മോഷ്ടാക്കൾ ആകാമെന്നാണ് പോലീസിൻറെയും സമീപവാസികളുടെയും നിഗമനം. അടച്ചിട്ട വീടുകളുടെ വിവരം മോഷ്ടാക്കൾക്ക് നൽകാൻ സമീപവാസികളുടെ സഹായം ലഭിച്ചിട്ടുണ്ടൊയെന്നും പോലീസ് പരിശോധിക്കും.

ആഴ്ചകൾക്ക് മുമ്പ് വട്ടിയൂർക്കാവ് മേഘലകളിൽ വീടുകളിലും ക്ഷേത്രങ്ങളിലും കവർച്ച നടത്തിയ കേസിലെ രണ്ട് പ്രതികളെ കഴിഞ്ഞ ദിവസം വട്ടിയൂർക്കാവ് പോലീസ് തമിഴ്നാട്ടിൽ നിന്നും പിടികൂടിയിരുന്നു. അവർക്ക് ഈ കേസുമായി ബന്ധമുണ്ടായെന്നും പോലീസ് പരിശോധിക്കും.

# ആശുപത്രി മാലിന്യങ്ങൾ ജൈവവളമാക്കുന്ന സാങ്കേതികവിദ്യ അവതരിപ്പിച്ചു

തിരുവനന്തപുരം: രോഗകാരികളായ ആശുപത്രി മാലിന്യങ്ങൾ ജൈവവളമാക്കുന്ന നൂതന സംവിധാനം അവതരിപ്പിച്ച് സിഎസ്ഐആർഎൻഐഐഎസ്ടി. പാപ്പനംകോട്ടെ എൻഐഐഎസ്ടി കാന്പസിൽ നടന്ന ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെൻറ് കോൺക്ലേവിലാണ് ഈ സാങ്കേതികവിദ്യ അവതരിപ്പിച്ചത്.

ഒരു കിലോഗ്രാം മെഡിക്കൽ മാലിന്യം മൂന്ന് മിനിറ്റ് കൊണ്ട് കാർഷികാവശ്യത്തിന് അനുയോജ്യമായ സോയിൽ അഡിറ്റീവായി മാറ്റിയെടുക്കാൻ സാധിക്കുന്ന ഉത്പന്നമാണ് വികസിപ്പിച്ചെടുത്തത്. രാജ്യത്ത് ഉടനീളമുള്ള ആശുപത്രികളിൽ ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ ദേശീയ മലിനീകരണ നിയന്ത്രണ ബോർഡിൻറെ അനുമതി മാത്രം മതിയാകും.

ഡ്യുവൽ ഡിസിൻഫെക്ഷൻ സോളിഡിഫിക്കേഷൻ എന്ന സാങ്കേതികവിദ്യയാണ് എൻഐഐഎസ്ടി വികസിപ്പിച്ചെടുത്തത്. ഇതുവഴി രക്തം, കഫം, മൂത്രം, മറ്റ് ശരീര സ്രവങ്ങൾ, ദന്തമാലിന്യങ്ങൾ, ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള മാലിന്യങ്ങൾ, കോട്ടൺ ബാൻഡേജ്, ലാബ് മാലിന്യങ്ങൾ എന്നിവ വളരെ പെട്ടന്ന് തന്നെ അണുനശീകരണം നടത്തുകയും ഖരമാലിന്യമാക്കി മാറ്റുകയും ചെയ്യും. ആശുപത്രി മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ സംസ്കരിക്കാനാകുമെന്നതാണ് മെച്ചം.

സമ്മേളനം ന്യൂഡൽഹി എയിംസ് ഡയറക്ടർ ഡോ. എം. ശ്രീനിവാസ് ഉദ്ഘാടനം ചെയ്തു. ഡിഎസ്ഐആർ സെക്രട്ടറിയും സിഎസ്ഐആർ ഡയറക്ടർ ജനറലുമായ ഡോ.എൻ കലൈസെൽവി അധ്യക്ഷത വഹിച്ചു. സിഎസ്ഐആർ എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്ത രാമകൃഷ്ണൻ പ്രസംഗിച്ചു.

# മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളങ്ങൾ മറിഞ്ഞു; അഞ്ചുപേർക്ക് പരിക്ക്

ചിറയിൻകീഴ്: ശക്തമായ കടലാക്രമണം തുടരുന്നതിനിടെ മുതലപ്പൊഴി അഴിമുഖത്ത് വീണ്ടും മത്സ്യബന്ധന വള്ളങ്ങൾ മറിഞ്ഞു. അപകടത്തിൽ കോസ്റ്റൽ പോലീസ് ബോട്ട് ജീവനക്കാരനുൾപ്പെടെ അഞ്ചുപേർക്ക് പരിക്കേറ്റു. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങിവന്ന വള്ളം മറിഞ്ഞാണ് ആദ്യ അപകടം. വള്ളം കടലിലേക്ക് ഒഴുകി പോയതോടെ കരയ്ക്കെത്തിക്കാനായി പോയ കോസ്റ്റൽ പോലീസിന്റെ ബോട്ടും മറ്റൊരു വള്ളവും അപകടത്തിൽപ്പെട്ടു.

അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെട്ട് രാവിലെ 6:45 ഓടെ അഞ്ചുതെങ്ങ് സ്വദേശി ഔസേപ്പിന്റെ വള്ളം മറിഞ്ഞാണ് ആദ്യ അപകടം ഉണ്ടായത്. വള്ളത്തിലുണ്ടായിരുന്ന അഞ്ചു തൊഴിലാളികളെ മറ്റ് മത്സ്യതൊഴിലാളികൾ രക്ഷപ്പെടുത്തി. മൂന്ന് പേർക്ക് പരിക്കേറ്റു. അഞ്ചുതെങ്ങ് സ്വദേശികളായ ജിത്തു (24), അജി (27), അനീഷ് (29) എന്നിവർക്കാണ് പരിക്കേറ്റത്. ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ച ഇവരെ പ്രാഥമിക ചികിത്സനൽകി വിട്ടയച്ചു.

രക്ഷാപ്രവർത്തനത്തിന് പോയ കോസ്റ്റൽ പോലീസ് ബോട്ട് അഴിമുഖം കടക്കവേ തിരയിൽപ്പെട്ടാണ് ബോട്ട് ജീവനക്കാരൻ പ്രദീപിന് പരിക്കേറ്റത്. രക്ഷാപ്രവർത്തനത്തിന് ശേഷം തിരികെയെത്തിയ മറ്റൊരു മത്സ്യബന്ധന വള്ളം തിരയിൽപെട്ടതോടെ നിയന്ത്രണം നഷ്ടപ്പെട്ട് പുലിമുട്ടിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

വള്ളത്തിലുണ്ടായിരുന്ന ഔസേപ്പ് കടലിലേക്ക് തെറിച്ചു വിഴുകയും തലയ്ക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. അശാസ്ത്രീയമായ നിർമ്മാണവും അഴിമുഖത്തുണ്ടാകുന്ന ഉയർന്ന തിരമാലകളാണ് അപകടങ്ങൾക്ക് മുഖ്യകാരണം. കഴിഞ്ഞദിവസം വൈകിട്ടും മത്സ്യബന്ധന വള്ളം മറിഞ്ഞിരുന്നു.

# നിയന്ത്രണംവിട്ട കാർ വൈദ്യുത തൂണിലിടിച്ച് അപകടം: നാല് പേർക്ക് പരിക്ക്

വിഴിഞ്ഞം :കോവളം ബിച്ചിന് സമീപം നിയന്ത്രണം വിട്ട കാർ ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ചുണ്ടായ അപകടത്തിൽ നാല് പേർക്ക് പരിക്കേറ്റു.

മൂന്ന് പേർ പരിക്കേല്ക്കാതെ രക്ഷപ്പെട്ടു തമിഴ്നാട് സ്വദേശികളായ ബാലു, അജയ്, പ്രിതിൻ, ഗോഡ്വിൻ എന്നിവർക്കാണ് പരിക്കേറ്റത് . ഇന്നലെ ഉച്ചയ്ക്ക് രണ്ടിനായിരുന്നു അപകടം . ഗ്രോവ് ബിച്ചിൽ നിന്ന് കോവളം ജംഗ്ഷനിലേക്ക് വരികയായിരുന്ന ഏഴംഗ സംഘം സഞ്ചരിച്ച കാറാണ് നിയന്ത്രണം വിട്ട് എതിർവശത്തെ വൈദ!്യുത തൂണിലിടിച്ച് കയറിയത്.

പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായും അപകടം സൃഷ്ടിച്ച കാർ കോവളം സ്റ്റേഷനിലേക്ക് മാറ്റിയതായും കോവളം പോലീസ് പറഞ്ഞു. അപകടത്തിൽ വൈദ!്യുത തൂണിനും കേടുപാടുകൾ പറ്റി.

# കഞ്ചാവ് വാങ്ങാനെത്തിയ സംഘത്തെ പോലീസ് പിടികൂടി

വെള്ളറട: 50 കിലോ കഞ്ചാവുമായി രണ്ടംഗ സംഘത്തെ വെള്ളറട പോലീസ് ഇന്നലെ പിടികൂടിയിരുന്നു. ഇവരെ ചേദ!്യം ചെയ്തതിനൊടുവിൽ കഞ്ചാവ് വാങ്ങാൻ പണം നൽകിയ മൂന്നഗ സംഘത്തെ പറ്റി പോലീസിന് വിവരെ ലഭിച്ചു.

ആദ്യം പിടികൂടിയ സംഘത്തിൻറെ കൈയിൽ നിന്നും മൊബൈൽ ഫോണുകൾ വാങ്ങിയ പോലീസ് അപ്പോൾ തന്നെ സ്വിച്ച് ഓഫ് ചെയ്യുകയായിരുന്നു.

തുടർന്ന് പുറകെയായിരുന്നു രാത്രി കാറിൽ വരികയായിരുന്ന മൂന്നഗ സംഘത്തെ വാഹന പരിശോധനയ്ക്കിടെ പോലീസ് പിടികൂടുകയായിരുന്നു. പത്താംകല്ല് സ്വദേശി അഫ്സർ (30) അരുവിക്കര സ്വദേശി അനസ് (34), രതീഷ് (30) എന്നിവരാണ് പിടിയിലായത്.

ഇവർ സഞ്ചരിച്ച കാറും പോലീസ് കസ്റ്റഡിയിൽ എടുത്തു. ആദ്യം പിടിയിലായ ഹരിശങ്കർ, ശിവകുമാറിന് ഗൂഗിൾ പേ വഴിയാണ് കഞ്ചാവ് വാങ്ങാൻ ആവശ്യമായ മുപ്പതിനായിരം രൂപ നൽകിയതെന്ന് പോലീസ് കണ്ടെത്തി.

നെയ്യാറ്റിൻകര ഡിവൈഎസ്പി മണിക്കുട്ടൻ, സർക്കിൾ ഇൻസ്പക്ടർ ബാബു കുറുപ്പ് എന്നിവരുടെ നേതൃത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്.

# ലോക്സഭ തിരഞ്ഞെടുപ്പ്: പോസ്റ്റൽ വോട്ടിനുള്ള അപേക്ഷ ഇന്ന് കൂടി നൽകാം

ലോക്സഭ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ട് ചെയ്യാൻ അർഹരായ വിഭാഗങ്ങൾക്ക് പോസ്റ്റൽ വോട്ടിനുള്ള അപേക്ഷ ഇന്ന് (ഏപ്രിൽ 02) കൂടി നൽകാം എന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. വോട്ടർ പട്ടികയിൽ പേരുള്ള ലോക്സഭാ മണ്ഡലത്തിലെ വരണാധികാരിക്കാണ് അപേക്ഷ നൽകേണ്ടത്. നിലവിൽ ജോലി ചെയ്യുന്ന ജില്ലയിലെ നോഡൽ ഓഫീസർമാർ വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാം.

ആബ്സെന്റീ വോട്ടർ വിഭാഗത്തിൽപ്പെട്ടവർക്കാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ പോസ്റ്റൽ വോട്ട് ചെയ്യാൻ അവസരം നൽകുന്നത്. 85 വയസ്സിന് മുകളിൽ പ്രായമുള്ളവർ, 40 ശതമാനത്തിൽ കുറയാതെ അംഗപരിമിതിയുള്ള ഭിന്നശേഷിക്കാർ, കോവിഡ് 19 രോഗമുള്ളവരോ കോവിഡ് സംശയിക്കുന്നവരോ ആയവർ, അവശ്യസേവന വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർ എന്നിവർക്കാണ് പോസ്റ്റൽ വോട്ട് ചെയ്യാൻ അവസരം ലഭിക്കുക. പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നവർ ആവശ്യമായ രേഖകൾ സഹിതം ഫോം 12 ഡിയിൽ ബന്ധപ്പെട്ട വരണാധികാരിക്ക് അപേക്ഷ നൽകണം. ആബ്സന്റീ വോട്ടർമാരിൽ ആദ്യ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് ബൂത്ത് തല ഓഫീസർമാർ വഴി വീട്ടിലെത്തി വോട്ട് ചെയ്യാൻ അവസരം ഒരുക്കും.

നാലാമത്തെ വിഭാഗമായ അവശ്യസേവന വിഭാഗത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളവർക്കും പോസ്റ്റൽ വോട്ട് ചെയ്യാം. പൊലീസ്, ഫയർഫോഴ്സ്, ജയിൽ, എക്സൈസ്, മിൽമ, ഇലക്ട്രിസിറ്റി, വാട്ടർ അതോറിറ്റി, കെഎസ്ആർടിസി, ട്രഷറി, ആരോഗ്യം, ഫോറസ്റ്റ്, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ (ആകാശവാണി, ദൂരദർശൻ, ബിഎസ്എൻഎൽ, റെയിൽവേ, പോസ്റ്റ് ആന്റ് ടെലഗ്രാഫ് തുടങ്ങിയവ), മാധ്യമപ്രവർത്തകർ, കൊച്ചി മെട്രോ റെയിൽ എന്നിവയാണ്.

ഈ വിഭാഗങ്ങളിലെ ജീവനക്കാർ 12ഡി ഫോമിൽ അതത് നോഡൽ ഓഫീസർമാർ വഴിയോ നേരിട്ടോ വരണാധികാരിക്ക് അപേക്ഷ നൽകുകയാണ് വേണ്ടത്. തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിന് ശേഷം അഞ്ച് ദിവസത്തിനുള്ളിലാണ് അപേക്ഷ നൽകേണ്ടത്. മാർച്ച് 28 ന് സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ പോസ്റ്റൽ വോട്ടിന് അപേക്ഷ വോട്ടർ പട്ടികയിൽ പേരുള്ള മണ്ഡലത്തിലെ വരണാധികാരിക്ക് സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ രണ്ടാണ്.

അപേക്ഷ നൽകിയ ജീവനക്കാർക്ക് അതത് പാർലമെന്റ് മണ്ഡലത്തിൽ പൊതുതിരഞ്ഞെടുപ്പ് തീയതിയായ ഏപ്രിൽ 26 ന് മൂന്ന് ദിവസം മുമ്പുള്ള തുടർച്ചയായ ഏതെങ്കിലും മൂന്ന് ദിവസങ്ങളിൽ പോസ്റ്റൽ വോട്ടിങ് കേന്ദ്രം ഒരുക്കും. ഈ കേന്ദ്രങ്ങളിലെത്തി ജീവനക്കാർക്ക് വോട്ട് ചെയ്യാനാവും.

രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് മണി വരെയാണ് പോസ്റ്റൽ വോട്ടിങ് കേന്ദ്രം പ്രവർത്തിക്കുക.

# സ്റ്റാച്ചു ജനറൽ ആശുപത്രി റോഡ് ഇന്നു തുറക്കും

തിരുവനന്തപുരം: ആദ്യഘട്ട ടാറിംഗ് പൂർത്തിയാക്കിയ സ്റ്റാച്യുജനറൽ ആശുപത്രി റോഡ് ഇന്നു തുറക്കും. രാവിലെ പത്തിന് ആവശ്യമായ പരിശോധനകൾ നടത്തിയ ശേഷമാകും റോഡ് തുറന്നു കൊടുക്കുക.

ശനിയാഴ്ച രാത്രിയോടെ സ്റ്റാച്യുജനറൽ ആശുപത്രി റോഡിൽ ടാറിംഗ് പൂർത്തിയാക്കിയിരുന്നു. തലസ്ഥാനത്ത് ഗതാഗത യോഗ്യമാക്കുന്ന അഞ്ചാമത്തെ സ്മാർട്ട് റോഡാണ് സ്റ്റാച്യുജനറൽ ആശുപത്രി റോഡ്. സ്മാർട്ട് റോഡ് പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ കരാറുകാരൻ ഏറ്റെടുത്ത് ഉപേക്ഷിച്ച റോഡായിരുന്നു ഇത്.

തുടർന്നു മന്ത്രി പി. എ. മുഹമ്മദ് റിയാസിൻറെ ഇടപെടലിനെ തുടർന്നു പ്രത്യേക ടെണ്ടറിലൂടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയായിരുന്നു. തുടർന്ന് ഡക്റ്റ് നിർമിച്ച് കേബിളുകളെല്ലാം ഡെക്ടിലൂടെ കടത്തിവിട്ടാണു ടാറിംഗ് നടത്തിയത്. ജനറൽ ആശുപത്രിയിലേക്ക് നഗരത്തിൽനിന്നും വേഗത്തിൽ എത്താൻ സാധിക്കുന്ന റോഡാണ് ഇത്.

ഇവിടുത്തെ വ്യാപാരികളും ഈ റോഡിൻറെ നവീകരണത്തിനു വേണ്ടി കാത്തിരിക്കുകയായിരുന്നു. സ്മാർട്ട് സിറ്റി പദ്ധതിയിലെ മറ്റൊരു റോഡായ നോർക്ക ഗാന്ധി ഭവൻ റോഡിലും ടാറിംഗ് നടക്കുകയാണ്. ചൊവ്വാഴ്ചയോടെ ഈ റോഡും ഗതാഗതത്തിനു തുറന്നു കൊടുക്കാനാണു ലക്ഷ്യമിടുന്നത്.

# വാക്കുതർക്കത്തിനിടയിൽ യുവാവിന് വെട്ടേറ്റു

ചെറുതോണി: കരിമ്പൻ കുട്ടപ്പൻസിറ്റിയിൽ അയൽവാസികൾ തമ്മിലുണ്ടായ വാക്കുതർക്കത്തിൽ യുവാവിനു വെട്ടേറ്റു. കൊടികുത്തിയാനിയിൽ ഈപ്പച്ചൻറെ മകൻ ഷെറിനാണ് (26) വെട്ടേറ്റത്. തലയ്ക്കു നാല് വെട്ടേറ്റ ഷെറിനെ ഗുരുതരനിലയിൽ ഇടുക്കി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകിയ ശേഷം തൊടുപുഴയിലുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ എഴുപറയിൽ സണ്ണിയെ (58)ഇടുക്കി പോലീസ് കസ്റ്റടിയിലെടുത്തു.ശനിയാഴ്ച രാത്രി 10നാണു സംഭവം. ഈപ്പച്ചനും സണ്ണിയും തമ്മിൽ വാക്കേറ്റമുണ്ടായി. ഇതുകണ്ട് തടസം പിടിക്കാൻ ചെന്ന ഷെറിനെ വെട്ടി പരിക്കേൽപ്പിക്കുകയായിരുന്നു. മുൻവൈരാഗ്യമാണ് കാരണമെന്ന് പോലീസ് പറഞ്ഞു.

# ആദ്യദിനം തിരുവനന്തപുരം മണ്ഡലത്തിൽ നാല് പത്രികകൾ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം തുടങ്ങി. ആദ്യദിനം തിരുവനന്തപുരം മണ്ഡലത്തിൽ നാലു പേർ പത്രിക നൽകി. എസ്.മിനി (എസ്യുസിഐ), നന്ദാവനം സുശീലൻ, ക്രിസ്റ്റഫർ ഷാജു, ജെന്നിഫർ.ജെ.റസൽ (സ്വതന്ത്രർ) എന്നിവർ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ വരണാധികാരി ജില്ലാ കളക്ടർ ജെറോമിക് ജോർജിന് പത്രിക നൽകി.

ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽ ആദ്യദിനം സ്ഥാനാർത്ഥികളാരും പത്രിക നൽകിയില്ല.

മാർച്ച് 28, 30, ഏപ്രിൽ രണ്ട്, മൂന്ന്, നാല് തിയതികളിൽ രാവിലെ 11 മുതൽ ഉച്ചതിരിഞ്ഞ് മൂന്ന് വരെ സ്ഥാനാർത്ഥികൾക്ക് നാമനിർദേശ പത്രിക സമർപ്പിക്കാം. തിരുവനന്തപുരം മണ്ഡലത്തിൽ വരണാധികാരിയുടെയോ ഉപവരണാധികാരി സബ് കളക്ടർ ആൻഡ് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അശ്വതി ശ്രീനിവാസ് മുൻപാകെയോ പത്രിക നൽകാം.

# ഈസ്റ്റർ ആഘോഷിക്കാൻ എല്ലാ ക്രൈസ്തവർക്കും അവസരം നൽകണം: കെസിസി ക്ലർജി കമ്മീഷൻ

തിരുവനന്തപുരം: ലോകം മുഴുവൻ മരണത്തെ അതിജീവിച്ച യേശുനാഥൻറെ ഉയർത്തെഴുന്നേൽപ്പ് ആഘോഷിക്കുമ്പോൾ മണിപ്പൂർ ജനതയ്ക്ക് അത് നിഷേധിക്കുന്ന തീരുമാനം പുനപരിശോധിക്കണമെന്ന് കേരള കൗൺസിൽ ഓഫ് ചർച്ചസ് ക്ലർജി കമ്മീഷൻ ആവശ്യപ്പെട്ടു.

മണിപ്പൂരിലെ വംശീയ കലാപങ്ങൾക്ക് അയവ് വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബോധപൂർവം ഇത്തരം തീരുമാനങ്ങൾ എടുക്കുന്നത് ആശങ്കയുണ്ടാക്കുന്നു എന്ന് ചെയർമാൻ ഫാ.എ.ആർ.നോബിൾ പറഞ്ഞു.

മതേതര രാജ്യമായ ഇന്ത്യയിൽ എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടെ മത ആഘോഷങ്ങളിൽ പങ്കുചേരാനുള്ള അവസരം ഒരുക്കി കൊടുക്കേണ്ടത് ഒരു മതേതര സർക്കാരിൻറെ ഉത്തരവാദിത്വം ആണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കടൽ കയറ്റം: സ്ഥിതി നിയന്ത്രണ വിധേയമെന്ന് കളക്ടർ

ആലപ്പുഴ: ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളിലെ തീരദേശ മേഖലകളിൽ കടൽ കയറ്റമുണ്ടായ സാഹചര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ അലക്സ് വർഗീസ് നിർദേശം നൽകി. റവന്യു അധികൃതർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകി. ഇതിൻറെ അടിസ്ഥാനത്തിൽ നിലവിലെ സ്ഥിതി നിയന്ത്രണവിധേയമാണെന്നും ഭയപ്പെടേണ്ട സാഹചര്യം ഇല്ലെന്നും കളക്ടർ അറിയിച്ചു.ചേർത്തല താലൂക്കിനു കീഴിലുള്ള പള്ളിത്തോട്, അർത്തുങ്കൽ, കടക്കരപ്പള്ളി വാർഡ്1, തുറവൂർ, കുത്തിയതോട് തീരദേശ വില്ലേജുകളുടെ പരിധിയിൽ ചെറിയ തോതിൽ കടൽ കയറിയിട്ടുണ്ട്.

അമ്പലപ്പുഴ താലൂക്കിലെ പുറക്കാട്, ആലപ്പുഴ വെസ്റ്റ് വില്ലേജ്, അമ്പലപ്പുഴ വടക്ക് വില്ലേജിലെ വളഞ്ഞവഴി എന്നീ പ്രദേശങ്ങളിലും ചെറിയതോതിൽ കടൽ കയറി.പുറക്കാട് വില്ലേജിൽ പുറക്കാട് ജംഗ്ഷൻ മുതൽ പൂന്തല ജംഗ്ഷൻ വടക്കുവരെ അധികമായി കടൽ കയറിയിട്ടുണ്ട്. പുന്തല ക്ഷേത്രത്തിനു പടിഞ്ഞാറ് വശം മൂന്നു വീടുകളിൽ വെള്ളം കയറി ഭാഗീകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കടൽ കയറ്റത്തിൽ 11 വീടുകളിൽ വെള്ളം കയറി. പള്ളിത്തോട് വില്ലേജിൽ 15 വീടുകളിൽ വെള്ളം കയറി.ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യം നിലവിലില്ലെന്നും വെള്ളം ഇറങ്ങിത്തുടങ്ങിയതായും റവന്യു അധികൃതർ അറിയിച്ചു.

# പൂന്തുറയിലും വലിയതുറയിലും കടലാക്രമണം

പൂന്തുറ: പൂന്തുറയിലും വലിയതുറയിലും ഞായറാഴ്ച ഉച്ചമുതൽ ശക്തമായ കടലാക്രമണം അനുഭവപ്പെട്ടു. പൂന്തുറയിൽ വള്ളങ്ങൾ കൂട്ടിയിടിച്ച് ലക്ഷങ്ങളുടെ നാശനഷ്ടങ്ങൾ ഉണ്ടായി. വള്ളങ്ങൾ തമ്മിലുണ്ടായ കൂട്ടിയിടിയിൽ രണ്ടു പേരുടെ കാലുകൾക്ക് സാരമായി പരിക്കേറ്റു. ഇവർ വിവിധ ആശുപത്രിയിൽ ചികിത്സ തേടി. വലിയതുറയിലും ശക്തമായ കടലാക്രമണമാണ് അനുഭവപ്പെട്ടത്.

കരയിലിരുന്ന വള്ളങ്ങൾക്ക് കടലാക്രമണത്തിൽ സാരമായ കേടുപാടുകൾ സംഭവിച്ചു. ഇന്നലെ ഈസ്റ്റർ ആയിരുന്നതിനാൽ മത്സ്യത്തൊഴിലാളികൾ ഏറെയും വീടികളിലായിരുന്നു. ശനിയാഴ്ച രാത്രിയിൽ ശക്തമായ കടൽ ക്ഷോപമുണ്ടാകുമെന്ന് കാലാവസ്ഥ മുന്നറിയിപ്പുണ്ടായിരുന്നുയെങ്കിലും ഞായറാഴ്ച കടൽ ക്ഷോപമുണ്ടാകുമെന്ന് മുന്നറിയിപ്പില്ലായിരുന്നത് മുന്നൊരുക്കൾ എടുക്കാൻ കഴിഞ്ഞില്ലെന്ന് മത്സ്യത്തൊഴിലാളികൾക്കിടയിൽ ആരോപണമുണ്ട്.

ശംഖുമുഖം ബീച്ചിലും ശക്തമായ കടലാക്രണമുണ്ടായി. ബീച്ചിൽ വിനോദ സഞ്ചാരികൾക്ക് പോലീസ് ഇന്നലെ ഉച്ചമുതൽ തന്നെ വിലക്കേർപ്പെടുത്തി. ബീമാപള്ളി ഭാഗത്തും ശക്തമായ കടലാക്രമണമുണ്ടായി.

തുമ്പയിൽ 100 മീറ്ററോളം ദൂരത്തിൽ കടലിൽ നിന്നും കരയിലേയ്ക്ക് തിരമാല അടിച്ചുകയറി. പൂന്തുറ, വലിയതുറ ഭാഗങ്ങളിൽ ഏതാനും വീടുകൾക്കും സാരമായി നാശനഷ്ടങ്ങൾ സംഭവിച്ചതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു. ശക്തമായ വേലിയേറ്റമാണ് കടലാക്രമണത്തിന് കാരണമായതെന്നാണ് ബന്ധപ്പെട്ട അധികൃതരുടെ കണക്കുകൂട്ടൽ.

## സിറിയയിൽ ഇസ്രയേലിന്റെ ആക്രമണം

# ഇറാൻ റവല്യൂഷണറി ഗാർഡ് കമാൻഡർ ഉൾപ്പെടെ 8 പേർ മരിച്ചു

ബെയ്റൂട്ട് : സിറിയൻ തലസ്ഥാനമായ ദമാസ്കസിൽ ഇറാൻ എംബസിയുടെ സമീപമുള്ള കെട്ടിടത്തിനുനേർക്ക് ഇസ്രയേലിന്റെ ആക്രമണം. കൊല്ലപ്പെട്ട എട്ടുപേരിൽ ഇറാനിയൻ റവല്യൂഷണറി ഗാർഡ് കോറിന്റെ മുതിർന്ന കമാൻഡറും ഉണ്ടെന്നാണ് വിവരം. ദമാസ്കസിലെ മാസ്സെയിലെ കോൺസുലേറ്റ് കെട്ടിടമാണ് ഇസ്രയേൽ ലക്ഷ്യമിട്ടതെന്ന് സിറിയയുടെ ഔദ്യോഗിക വാർത്താ ഏജൻസിയായ സന റിപ്പോർട്ട് ചെയ്തു. ആക്രമണത്തിൽ കെട്ടിടം പൂർണമായി തകർന്നു. ഇറാൻ കമാൻഡർ മുഹമ്മദ് റേസ സഹേദിയുടെ മരണം രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് ആണ് പുറത്തുവിട്ടത്. എന്നാൽ അംബാസഡർ ഹുസൈൻ അക്ബറി സുരക്ഷിതനാണെന്ന് ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്നാൽ ഇസ്രയേലിൽനിന്ന് ഇക്കാര്യത്തിൽ പ്രതികരണം ഉണ്ടായിട്ടില്ല. കഴിഞ്ഞ ദിവസം ഇസ്രയേൽ നടത്തിയ ആക്രമണങ്ങളിൽ സിറിയിയൽ 53 പേർ കൊല്ലപ്പെട്ടിരുന്നു. ഇതിൽ 38 സൈനികരും ഇറാൻ പിന്തുണയോടെ പ്രവർത്തിക്കുന്ന ഹിസ്ബുല്ലയുടെ ഏഴ് അംഗങ്ങളും ഉൾപ്പെടും.

# പിടിമുറുക്കി ഇഡി

- കരുവന്നൂർ സഹകരണ ബാങ്കിൽ അഞ്ച് രഹസ്യ അക്കൗണ്ടുകൾ
- സിപിഎം തൃശൂർ ജില്ലാ സെക്രട്ടറിക്ക് ഇഡി നോട്ടീസ്
- അക്കൗണ്ടുകൾ മരവിപ്പിച്ചേക്കും
- നടപടി ആവശ്യപ്പെട്ട് തെര. കമ്മിഷന് കത്ത്

തൃശ്ശൂർ: ലോക്സഭ തെരഞ്ഞെടുപ്പ് പടിവാതിൽക്കലെത്തി നിൽക്കേ കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ സിപിഎമ്മിനു മേൽ കുരുക്കു മുറുക്കി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി). കരുവന്നൂർ ബാങ്കിലും മറ്റും ഇഡി നടത്തിയ വിവിധ പരിശോധനകളുടെ വിശദമായ വിവരങ്ങൾ ഇഡി തെരഞ്ഞെടുപ്പു കമ്മീഷന് കൈമാറി. ഈ വിവരങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കും കേന്ദ്ര ധനമന്ത്രാലയത്തിനും നൽകിയിട്ടുണ്ട്.

കരുവന്നൂരിൽ ഇഡി കണ്ടെത്തിയ അഞ്ച് രഹസ്യ അക്കൗണ്ടുകളുടെ വിവരങ്ങളാണ് ഇപ്പോൾ ഇവർക്ക് കൈമാറിയത്. ഈ അക്കൗണ്ടുകൾ തുടങ്ങിയതു മുതൽ ചട്ടലംഘനങ്ങളുടെ പരമ്പര തന്നെ സംഭവിച്ചിട്ടുണ്ടെന്നാണ് ഇഡിയുടെ കണ്ടെത്തൽ.



കരുവന്നൂർ സഹകരണ ബാങ്കിൽ സിപി. എമ്മിന് അഞ്ച് രഹസ്യ അക്കൗണ്ടുകളുണ്ടെന്ന് എൻഫോർസ്മെന്റ് ഡയറക്ടറേറ്റ്. ഈ രഹസ്യ അക്കൗണ്ടുകളുടെ വിവരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, തെരഞ്ഞെടുപ്പ് കമ്മീഷൻ, ധനകാര്യ മന്ത്രാലയം എന്നിവയ്ക്ക് ഇ. ഡി കൈമാറി. തൃശ്ശൂർ ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിലുള്ള പാർട്ടിയുടെ 13 ഏരിയ കമ്മിറ്റികളുടെ 25 അക്കൗണ്ട് വിവരങ്ങൾ സി.പി. എമ്മിന്റെ വാർഷിക ഓഡിറ്റ് സ്റ്റേറ്റ്മെന്റിൽ വെളിപ്പെടുത്തിയിട്ടില്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷന് കൈമാറിയ കത്തിൽ ഇ. ഡി. ആരോപിച്ചിട്ടുണ്ട്.

തട്ടിപ്പിൽ സിപിഎമ്മിന് പങ്കുണ്ടെന്നും നടപടി വേണമെന്നും ഇ. ഡി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും റിസർവ് ബാങ്കിനും നൽകിയ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. തട്ടിപ്പിൽ സിപിഎമ്മിനും പങ്കെന്ന് എൻഫോഴ്സ്മെന്റ് ഡയററ്ററേറ്റ് വ്യക്തമാക്കി. ജനുവരി 16ന് തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ച കത്തിലാണ് കരുവന്നൂർ സഹകരണ ബാങ്കിലെ അഞ്ച് രഹസ്യ അക്കൗണ്ടുകളെ സംബന്ധിച്ച് ഇ. ഡി വിശദീകരിച്ചിരിക്കുന്നത്.

കരൂവന്നൂർ സഹകരണ ബാങ്കിലെ കള്ളപ്പണ ഇടപാടു കേസിൽ സിപിഎം തൃശൂർ ജില്ലാ സെക്രട്ടറി എം.എം.വർഗീസിന് ഇഡി നോട്ടീസ് അയച്ചു. ബുധനാഴ്ച ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് ആവശ്യപ്പെട്ടാണ് നോട്ടീസ്.

എന്നാൽ തനിക്ക് സമൻസ് കിട്ടിയില്ലെന്നും പാർട്ടിയുമായി ആലോചിച്ച് തുടർ തീരുമാനങ്ങൾ എടുക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇഡിയുടെ രണ്ടാംഘട്ട അന്വേഷണത്തിൻറെ ഭാഗമായാണ് എം.എം.വർഗീസിന് നോട്ടീസ് അയച്ചത്.

കേസിൽ സിപിഎം പ്രദേശിക നേതാക്കളെ ഇഡി ചോദ്യം ചെയ്തിരുന്നു. ഇതിൻറെ തുടർച്ചയായിട്ടാണ് എം.എം.വർഗീസിന് നോട്ടീസ് അയച്ചത്. ബാങ്കിൽ അഞ്ച് അക്കൗണ്ടുകൾ സിപിഎം നേതാക്കളാണ് ഉപയോഗിച്ചതെന്നും കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്നും ഇഡി കണ്ടെത്തിയിരുന്നു.

കേരള സഹകരണ സൊസൈറ്റിയുടെ നിയമവും ചട്ടങ്ങളും പ്രകാരം അക്കൗണ്ടുകൾ തുറക്കണമെങ്കിൽ, സൊസൈറ്റിയിൽ അംഗത്വമെടുക്കണം. എന്നാൽ സി.പി. എം കരുവന്നൂർ സൊസൈറ്റിയിൽ അംഗത്വം എടുത്തിട്ടില്ലെന്നാണ് ഇ. ഡിയുടെ കണ്ടെത്തൽ. പാർട്ടി ഓഫീസുകൾക്ക് സ്ഥലം വാങ്ങാനും, പാർട്ടി ഫണ്ട്, ലെവി എന്നിവ പിരിക്കാനും ആണ് ഈ അക്കൗണ്ടുകൾ ഉപയോഗിച്ചത് എന്നാണ് ഇ. ഡി കത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

വിവരങ്ങൾ പാർട്ടിയുടെ 2023 മാർച്ചിൽ സമർപ്പിച്ച ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച മാർഗരേഖ പ്രകാരവും ജനപ്രാതിനിധ്യ നിയമത്തിൽ ചട്ടങ്ങൾ പ്രകാരവും പാർട്ടിയുടെ എല്ലാ അക്കൗണ്ടുകളും, അതിലെ കണക്കുകളും വെളിപ്പെടുത്തേണ്ടതാണ്.

# നദിയിൽ നീന്തുന്നതിനിടെ യുവാവ് മുങ്ങിമരിച്ചു

അമ്പലപ്പുഴ: നദിയിൽ നീന്തുന്നതിനിടെ യുവാവ് മുങ്ങിമരിച്ചു. തകഴി പഞ്ചായത്ത് 14ാം വാർഡ് കരുമാടി ഇരുപതിൽച്ചിറയിൽ (ജോജി ഭവൻ) അലക്സ്ലൈസമ്മ ദമ്പതികളുടെ മകൻ ജോജി അലക്സാ(30)ണ് മരിച്ചത്. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ നാലുപാടത്തിൻറെ കിഴക്കേ ചിറയിലെ മാതൃസഹോദരിയുടെ വീട്ടിൽ ഈസ്റ്റർ ആഘോഷത്തോടനുബന്ധിച്ചെത്തിയ ജോജി ഇന്നലെ ഉച്ചയ്ക്ക് 1.30 ഓടെയാണ് സമീപത്തെ പുക്കൈതയാറിൽ നീന്താനിറങ്ങിയത്. നദിയിൽ നീന്തുന്നതിനിടെ മുങ്ങിത്താഴുകയായിരുന്നു. വിദേശത്തായിരുന്ന ജോജി ഒന്നര മാസം മുമ്പാണ് നാട്ടിലെത്തിയത്. പോലീസും തകഴിയിൽനിന്നെത്തിയ ഫയർഫോഴ്സും, സ്കൂബാ ടീമും നാട്ടുകാരും ചേർന്നു നടത്തിയ തെരച്ചിലിൽ വൈകുന്നേരം നാലോടെയാണ് മൃതദേഹം കണ്ടെത്തിയത്. ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിൽ പോസ്റ്റുമോർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകും. സഹോദരി: സ്റ്റെല്ല.

# സിറ്റിങ് ഉണ്ടായിരിക്കില്ല

വഴുതക്കാട്വെള്ളയമ്പലം റോഡിലെ ഗതാഗതം നിരോധിച്ചതിനാൽ തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനിൽ ഏപ്രിൽ 1, 2 തീയതികളിൽ സിറ്റിങ് ഉണ്ടായിരിക്കില്ലെന്ന് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ അറിയിച്ചു.

# കേരളത്തിന് കൂടുതൽ കടമെടുക്കാൻ അനുവാദമില്ല; സുപ്രീം കോടതി

## ഹർജി ഭരണഘടനാബെഞ്ചിന് വിട്ടു

ന്യൂഡൽഹി : കടമെടുപ്പുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിന്റെ പ്രധാന ഹർജി അഞ്ചംഗ ഭരണഘടനാ ബെഞ്ചിനു വിട്ടു. ഭരണഘടനയുടെ 293ാം അനുച്ഛേദം ഇതുവരെ ചോദ്യം ചെയ്തിട്ടില്ലെന്ന് കോടതി പറഞ്ഞു. സംസ്ഥാനങ്ങൾക്ക് പുറമേനിന്ന് കടമെടുക്കാനുള്ള അധികാര പരിധി ഉണ്ടോയെന്നും ഇതിൽ കേന്ദ്രത്തിന് എത്രമാത്രം നിയന്ത്രണം ഏർപ്പെടുത്താമെന്നും പരിശോധിക്കാമെന്നാണ് കോടതി അറിയിച്ചത്. വിഷയം ഭരണഘടനാ ബെഞ്ചിനു വിട്ടതോടെ അന്തിമതീരുമാനം ആകുന്നത് നീളും. ഇടക്കാല ഉത്തരവ് വേണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല.



അതേസമയം 2023 24 സാമ്പത്തിക വർഷത്തിൽ ഇടക്കാല ആശ്വാസമായി കൂടുതൽ കടമെടുക്കാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം കോടതി തള്ളി. കോടതി ഇടപെടലിലൂടെ സംസ്ഥാനത്തിന് ആവശ്യത്തിനുള്ള പണം ലഭ്യമാക്കിയിട്ടുണ്ട് എന്ന് പറഞ്ഞാണ് കോടതി ആവശ്യം തള്ളിയത്. ജസ്റ്റിസ് സൂര്യകാന്ത്, കെ.വി.വിശ്വനാഥൻ എന്നിവരുടെ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

കഴിഞ്ഞ മാസം ആദ്യം കേസ് പരിഗണിച്ച സുപ്രീം കോടതി കേരളത്തിന് 13,608 കോടി രൂപ കടമെടുക്കാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവിട്ടിരുന്നു. ബാക്കി കടമെടുപ്പു പരിധിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്താനാണ് കോടതി നിർദേശിച്ചത്. 26,000 കോടി രൂപ കടമെടുക്കാൻ ഇടക്കാല ഉത്തരവിലൂടെ അനുവദിക്കണമെന്നായിരുന്നു കേരളത്തിന്റെ ആവശ്യം. വിഷയത്തിൽ വാദം പൂർത്തിയാക്കിയിരുന്നു. 2023 24 സാമ്പത്തിക വർഷത്തെ കടമെടുപ്പു പരിധി ഉയർത്താനുള്ള വിഷയത്തിൽ കോടതി നിർദേശം അനുസരിച്ചു ചർച്ച നടന്നിരുന്നുവെങ്കിലും കേന്ദ്രവും സംസ്ഥാനവും തമ്മിൽ ധാരണയായിരുന്നില്ല.

കേന്ദ്രത്തിന്റെ വായ്പാ പരിധി നിശ്ചയിക്കുന്ന രീതിയിൽ മാറ്റം വരുത്തണമെന്നും കേരളത്തിന് അടിയന്തര ധനസഹായം നൽകണമെന്നുമുള്ള ഹർജികളാണ് കേരളം നൽകിയത്. ഒരോ സംസ്ഥാനത്തിനും എത്രത്തോളം കടമെടുക്കാൻ കഴിയുമെന്ന പ്രധാന ഹർജിയാണ് അഞ്ചംഗ ബെഞ്ചിന് വിട്ടിരിക്കുന്നത്. കേരളത്തിന് അടിയന്തരമായി 10,000 കോടി രൂപ കൂടി അനുവദിക്കണമെന്ന ഹർജിയിൽ സുപ്രീം കോടതി ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ഭരണഘടനയുടെ 293ാം അനുച്ഛേദപ്രകാരമാണ് സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിശ്ചയിക്കുന്നത്. ഈ അനുച്ഛേദം ഇതുവരെ കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല എന്നാണ് ഇന്ന് കേസ് പരിഗണിച്ച രണ്ടംഗ ബെഞ്ച് ചൂണ്ടിക്കാട്ടിയത്.

# മുഴുവൻ വി.വി.പാറ്റ് സ്ലിപ്പുകളും എണ്ണണമെന്ന് ആവശ്യം

## തിരഞ്ഞെടുപ്പ് കമ്മിഷന് നോട്ടീസയച്ച് സുപ്രീം കോടതി

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണുമ്പോൾ ഇലക്ട്രോണിക് വോട്ടിങ് മെഷീനൊപ്പം (ഇ.വി.എം) 100 ശതമാനം വോട്ടർ വെരിഫൈഡ് പേപ്പർ ഓഡിറ്റ് ട്രയൽ (വി.വി.പാറ്റ്) രസീതുകൾ കൂടി എണ്ണണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഹർജിയിൽ തിരഞ്ഞെടുപ്പ് കമ്മിഷന് നോട്ടീസ് അയച്ച് സുപ്രീം കോടതി. നിലവിൽ ലോക്സഭാ മണ്ഡലത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലേയും തിരഞ്ഞെടുക്കുന്ന അഞ്ച് ഇ.വി.എമ്മുകളിലെ വി.വി.പാറ്റ് സ്ലിപ്പുകൾ മാത്രമാണ്എണ്ണുന്നത്. ഇതിന് പകരം എല്ലാ വോട്ടിങ് മെഷീനൊപ്പവും ഉള്ള വിവിപാറ്റുകളിലേയും സ്ലിപ്പുകൾ എണ്ണണമെന്നാണ് ഹർജിയിലെ ആവശ്യം. ജസ്റ്റിസ് ബി.ആർ. ഗവായ്, ജസ്റ്റിസ് സന്ദീപ് മെഹ്ത എന്നിവരടങ്ങുന്ന ബെഞ്ചാണ് തിരഞ്ഞെടുപ്പ് കമ്മിഷന് നോട്ടീസ് അയച്ചത്. സമാനമായ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (എ.ഡി.ആർ) സമർപ്പിച്ച ഹർജിക്കൊപ്പം ഈ ഹർജിയും ടാഗ് ചെയ്തുകൊണ്ടാണ് ബെഞ്ച് ഉത്തരവിറക്കിയത്.

# അരവിന്ദ് കേജ്‌രിവാളിനെ തിഹാർ ജയിലിൽ എത്തിച്ചു: പ്രതിഷേധവുമായി എഎപി പ്രവർത്തകർ

ന്യൂഡൽഹി : മദ്യനയ അഴിമതിക്കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിനെ ഡൽഹി തിഹാർ ജയിലിൽ എത്തിച്ചു. കേജ്!രിവാളിനെ രണ്ടാം നമ്പർ ജയിലിലാണു പാർപ്പിക്കുക. ജയിലിന് മുൻപിൽ ആംആദ്!മി പ്രവർത്തകർ പ്രതിഷേധിക്കുകയും പൊലീസുമായി വാക്കുതർക്കത്തിൽ ഏർപ്പെടുകയും ചെയ്തു. അരവിന്ദ് കേജ്!രിവാളിനെ ഡൽഹി റൗസ് അവന്യു പിഎംഎൽഎ കോടതി ഈ മാസം 15 വരെയാണ് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ചെയ്യുന്നത് രാജ്യത്തിന് ഗുണം ചെയ്യില്ലെന്നു പറഞ്ഞാണ് കേജ്‌രിവാൾ ഇന്നു കോടതി മുറിയിലേക്കു കയറിപ്പോയത്.

കേരളത്തിന് കൂടുതൽ കടമെടുക്കാൻ അനുവാദമില്ല; ഹർജി ഭരണഘടനാബെഞ്ചിന് വിട്ടു സുപ്രീം കോടതി

കേസിൽ മാർച്ച് 21ന് അറസ്റ്റ് ചെയ്ത കേജ്‌രിവാളിന്റെ റിമാൻഡ് കാലാവധി ഇന്നവസാനിച്ചതിനെ തുടർന്നാണു കോടതിയിൽ ഹാജരാക്കിയത്. ഇതോടെ മദ്യനയ അഴിമതിക്കേസിൽ അറസ്റ്റിലായ മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ, രാജ്യസഭ എംപി സഞ്ജയ് സിങ് എന്നിവർക്കു പുറമേ കേജ്‌രിവാളും തിഹാർ ജയിലിൽ എത്തിയിരിക്കുകയാണ്.

അരവിന്ദ് കേജ്!രിവാളിനെ കൊണ്ടുവരുന്ന ഡൽഹി തിഹാർ ജയിലിന് മുൻപിൽ ആംആദ്മി പ്രവർത്തകരും പൊലീസും തമ്മിലുണ്ടായ സംഘർഷം. ചിത്രം: ജോസ്!കുട്ടി പനയ്ക്കൽമ്മനോരമ

അരവിന്ദ് കേജ്!രിവാളിനെ കൊണ്ടുവരുന്ന ഡൽഹി തിഹാർ ജയിലിന് മുൻപിൽ ആംആദ്മി പ്രവർത്തകരും പൊലീസും തമ്മിലുണ്ടായ സംഘർഷം. ചിത്രം: ജോസ്!കുട്ടി പനയ്ക്കൽമ്മനോരമ

റൗസ് അവന്യൂ പ്രത്യേക കോടതി ജഡ്ജി കാവേരി ബവേജയുടെ മുന്നിൽ ഹാജരാക്കിയ കേജ്‌രിവാളിനെ വീണ്ടും റിമാൻഡിൽ വിട്ടുകിട്ടണമെന്ന് ഇ.ഡി ആവശ്യപ്പെട്ടില്ല. പകരം ജു!ഡീഷ്യൽ കസ്റ്റഡിയിൽ വിടണമെന്നാണ് ആവശ്യപ്പെട്ടത്. തന്റെ മൗലീകാവകാശങ്ങൾ ലംഘിച്ചാണ് അറസ്റ്റ് നടത്തിയതെന്നു ചൂണ്ടിക്കാട്ടി കേജ്‌രിവാൾ നൽകിയ ഹർജി ബുധനാഴ്ച ഡൽഹി ഹൈക്കോടതി പരിഗണിക്കും. ഹർജിയിൽ ഇ.ഡിക്കു നൽകിയ നോട്ടിസിൽ നാളെ മറുപടി നൽകണമെന്നാണു ഹൈക്കോടതി നിർദേശം.

കേജ്‌രിവാളിന്റെ ഭാര്യ സുനിത, മന്ത്രിമാരായ അതിഷി, സൗരഭ ഭരദ്വാജ്, മുതിർന്ന ആംആദ്മി പാർട്ടി നേതാക്കൾ എന്നിവർ ഇന്നു കോടതിയിലെത്തിയിരുന്നു. ജയിലിൽ കേജ്‌രിവാളിനു ഭഗവദ്ഗീതയും രാമായണവും നീരജ ചൗധരി എഴുതിയ 'പ്രൈം മിനിസ്റ്റേഴ്സ് ഡിസൈഡ്' എന്ന പുസ്തകവും വായിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹത്തിന്റെ അഭിഭാഷകർ പ്രത്യേക അപേക്ഷ നൽകിയിരുന്നു.

അന്വേഷണത്തോട് കേജ്‌രിവാൾ ഒരു തരത്തിലും സഹകരിക്കുന്നില്ലെന്നാണ് ഇ.ഡിയുടെ അഭിഭാഷകർ കോടതിയിൽ പറഞ്ഞത്. മൊബൈൽ ഫോണിന്റെ പാസ്‌വേർഡ് നൽകാൻ കൂട്ടാക്കുന്നില്ലെന്നും അഡീഷനൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു പറഞ്ഞു. അറസ്റ്റിലായ ദിവസം മുതൽ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത കേജ്‌രിവാൾ ഇ.ഡി ഉദ്യോഗസ്ഥർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പാസ്‌വേഡ് നൽകാൻ കൂട്ടാക്കിയില്ല. ഇ.ഡിക്ക് ഇക്കാര്യത്തിൽ തന്നെ നിർബന്ധിക്കാനാകില്ലെന്നാണ് കേജ്‌രിവാൾ പറയുന്നത്.

# സി.എ.എയിലും മണിപ്പൂരിലും രാഹുലിന് പ്രതികരണമില്ല; മുഖ്യമന്ത്രി പിണറായി വിജയൻ

കോഴിക്കോട്: ഡൽഹിയിൽ ഞായറാഴ്ച നടന്ന ഇന്ത്യ മുന്നണിയുടെ പ്രതിഷേധറാലി ബി.ജെ.പിക്കുള്ള ശക്തമായ മുന്നറിയിപ്പാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോൺ?ഗ്രസ് ഇതിൽ നിന്ന് പാഠം ഉൾക്കൊള്ളണമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യത്യസ്ത അഭിപ്രായമുള്ള പാർട്ടികളേയും നേതാക്കളേയും ബി.ജെ.പി വേട്ടയാടുമ്പോൾ ഒപ്പംനിൽക്കുന്ന സമീപനമാണ് കോൺ?ഗ്രസ് സ്വീകരിച്ചത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കെജ്‌രിവാൾ വിഷയം. കോൺ?ഗ്രസ് നൽകിയ പരാതിയാണ് ഇ.ഡി. ഇടപെടലിന് വഴിവെച്ചത്. ഞായറാഴ്ചത്തെ റാലിയിൽ കോൺ?ഗ്രസ് നേതാക്കൾ പങ്കെടുത്തത് നല്ലകാര്യം. ബി.ജെ.പിയുടെ ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകേണ്ടത് ആവശ്യമാണെന്നും പിണറായി പറഞ്ഞു.

എല്ലാ രാഷ്ട്രീയപാർട്ടികൾക്കുനേരെയും കേന്ദ്രം നടപടികൾ സ്വീകരിക്കുമ്പോൾ പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരുപാട് കോൺ?ഗ്രസ് നേതാക്കളുണ്ട്. അശോക് ചവാന്റെ കാര്യം രാഹുൽ തന്നെയാണ് പറഞ്ഞത്. രാജ്യതാത്പര്യം മുൻനിർത്തിയാണ് പ്രവർത്തിക്കേണ്ടത്. രാഷ്ട്രീയക്കാർക്കെതിരെ നടപടിയുണ്ടാകുമ്പോൾ പാർട്ടി വിട്ടുപോകുകയല്ല വേണ്ടത്.

മോദി സർക്കാർ അധികാരത്തിലെത്തിയതിന് പിന്നാലെ രാജ്യത്തിന്റെ മൂല്യങ്ങൾ തകർന്നു.